*“പുരുഷനോ സ്ത്രീയോ ആരായാലും സത്യവിശ്വാസിയായുംകൊണ്ട് സൽപ്രവൃത്തി ചെയ്യുന്നതായാൽ തീർച്ചയായും അയാളെ നാം നല്ലനിലക്ക് ജീവിപ്പിക്കും. അവർ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതിലേറ്റവും നല്ലതനുസരിച്ച് നാം അവർക്ക് നിശ്ചയമായും അവരുടെ പ്രതിഫലം നല്കുന്നതുമാണ്.”*

*(16:98)*

# സ്ത്രീ

## ഇസ്‌ലാമിൽ



മുഹമ്മദ് സഫറുല്ലാ ഖാൻ

# സ്ത്രീ ഇസ്‌ലാമിൽ

**ചൗദ്ദരി സഫ്റുല്ലാഹ് ഖാൻ**

വിവർത്തനം:

**റൗഫ് റൂമി**

പ്രസാധകർ:

**ഇസ്‌ലാം ഇന്റർനാഷണൽ പബ്ലിക്കേഷൻസ്**

**കേരള**

**STREE ISLAMIL**
(Malayalam)

**WOMEN IN ISLAM**
(Original)

Author : Muhammad Zafrullah Khan Sahib(Ra)

Translator : RAUF ROOMI

DTP & Layout : A.T.Nasarudheen

Printed at: Orange Offset Printers, Calicut

Published by : Islam International Publications, Kerala
Fort Road, Kannur- 1

Price :25/-

Copies : 1000

Ist Edition: March 2017

# പ്രസാധകക്കുറിപ്പ്

**ലോക**കോടതി ജഡ്ജിയും പാക്കിസ്താന്റെ ആദ്യത്തെ വിദേശകാര്യ മന്ത്രിയും ഉന്നത നയതന്ത്രജ്ഞനുമായ സർ സഫ്റുല്ലാഹ് ഖാന്റെ 'വുമൺ ഇൻ ഇസ്‌ലാം' എന്ന ഇംഗ്ലീഷ് പുസ്തകത്തിന്റെ മലയാള പരിഭാഷയാണ് ' സ്ത്രീ ഇസ്‌ലാമിൽ' എന്ന പേരിൽ പുറത്തിറങ്ങുന്നത്.

ഈ പുസ്തകം മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തിയിരിക്കുന്നത് റൗഫ് റൂമി സാഹിബയാണ്. അവരോടുള്ള നന്ദി ഈ അവസരത്തിൽ രേഖപ്പെടുത്തുന്നു. ഡി.റ്റി.പിയും ലേഔട്ടും നിർവ്വഹിച്ചിരിക്കുന്നത് എ.ടി. നസറുദ്ദീൻ സാഹിബാണ്. പ്രസിദ്ധീകരണത്തിന്റെ ചെലവു ഏറ്റെടുത്തിരിക്കുന്നത് കോഴിക്കോട് ജമാഅത്തിലെ ബഹുമാന്യനായ ടി.കെ.ജമാലുദ്ദീൻ സാഹിബാണ്. അദ്ദേഹത്തിന്റെ ഈ സത്കർമത്തിനു അല്ലാഹു ഉചിതമായ പ്രതിഫലം നല്കുമാറാകട്ടെ. ജസാഹുമുല്ലാഹു അഹ്സനൽ ജസാഅ്.

ഈ പുസ്തകം പ്രസിദ്ധീകരിക്കുന്നതിൽ ജ.ഇൻചാർജ് സാഹിബ് മലയാളം ഡസ്ക് ഖാദിയാൻ, ജ.പി.പി.നാസിറുദ്ദീൻ സാഹിബ് (സദ്ർ ഇശാഅത്ത് കമ്മിറ്റി കേരള), ജ.സി.ശമീം സാഹിബ് (സെക്രട്ടറി ഇശാഅത്ത് കമ്മിറ്റി കേരള), മൗലവി. മുഹമ്മദ് നജീബ് ഖാൻ സാഹിബ് (സദ്ർ റിവ്യൂ കമ്മിറ്റി കേരള) എന്നിവരുടെ സഹകരണം സ്മരണീയമാണ്. ഫജസാഹുമുല്ലാഹ്.

ഖാദിയാൻ
30.03.2017

ഹാഫിസ് മഖ്ദൂം ശരീഫ്
നാസിർ നശ്റോ ഇശാഅത്ത് ഖാദിയാൻ.

بِسْمِ اللهِ الرَّحْمٰنِ الرَّحِيْمِ

# സ്ത്രീ ഇസ്‌ലാമിൽ

സ്ത്രീ പുരുഷ ബന്ധങ്ങളെ നിയന്ത്രിക്കുന്ന ദൈവിക നിയതത്വ ത്തിൽ ഇസ്‌ലാം സ്ത്രീക്ക് ബഹുമാന്യവും അന്തസുറ്റതുമായ ഒരു സ്ഥാനം കല്പിച്ചിരിക്കുന്നു. ഇത്തരം ഉപകാരപ്രദമായ നിയന്ത്രണ ങ്ങൾ സമാധാന സൗഖ്യ സന്തോഷങ്ങൾക്കും ജീവിവർഗങ്ങളുടെ വർദ്ധനവിനും പുരോഗതിക്കും അത്യാവശ്യമാണ്.

ദൈവം തന്റെ പരമമായ യുക്തിജ്ഞാനത്താൽ എല്ലാ ജന്തുഗണ ങ്ങളെയും ഇണകളായി സൃഷ്ടിച്ചതായി വിശുദ്ധ ഖുർആൻ ഊന്നി പ്പറയുന്നു:

> അവൻ നിങ്ങളെ ഒരേയൊരു സത്തയിൽ നിന്ന് (ഒരേ ഒരു ജീവനിൽ നിന്ന്) സൃഷ്ടിച്ചിരിക്കുന്നു. എന്നിട്ട് അതിൽ നിന്ന് അവൻ അതിന്റെ ഇണയെയു ണ്ടാക്കി.(39:7)
>
> നിങ്ങളുടെ വർഗ്ഗത്തിൽ നിന്ന് അവൻ നിങ്ങൾക്ക് ഇണകളെ സൃഷ്ടിച്ചി രിക്കുന്നു.(42:12)
>
> മനുഷ്യരേ, നിങ്ങളെ ഒരേയൊരു സത്തയിൽ നിന്ന് സൃഷ്ടിക്കുകയും അതി ൽ (അതിന്റെ വർഗ്ഗത്തിൽ) നിന്നു അതിന്റെ ഇണയേയും സൃഷ്ടിക്കുകയും അവ രണ്ടിൽ നിന്നുമായി നിരവധി പുരുഷന്മാരെയും സ്ത്രീകളെയും (ലോ കത്ത് സൃഷ്ടിച്ചു) വ്യപിപ്പിക്കുകയും ചെയ്ത നിങ്ങളുടെ നാഥനെ നിങ്ങൾ സൂക്ഷിച്ചുകൊള്ളുക.(4:2)
>
> ഒരേയൊരു ജീവനിൽ നിന്ന് നിങ്ങളെ സൃഷ്ടിച്ചവനത്രേ അവൻ.അതിൽ നിന്ന് അവൻ അതിന്റെ ഇണയെ ഉണ്ടാക്കി; അവൻ അവളോടൊപ്പം ആശ്വാസം കൊള്ളുന്നതിനുവേണ്ടി (7:190)

അവന്റെ ദൃഷ്ടാന്തങ്ങളിൽപ്പെട്ടതാണ്,നിങ്ങൾക്ക് നിങ്ങളുടെ വർഗ്ഗത്തിൽ നിന്നു തന്നെ,അവൻ ഇണകളെ സൃഷ്ടിച്ചത്; നിങ്ങളവരോട് കൂടിച്ചേർന്ന് മനസ്സമധാനം കൈവരുത്താൻ വേണ്ടി.എന്നിട്ട് നിങ്ങളുടെ ഇടയിൽ അവൻ സ്നേഹവും കാരുണ്യവുമുണ്ടാക്കുകയും ചെയ്തു എന്നതും(അവന്റെ ദൃഷ്ടാന്തങ്ങളിൽപ്പെട്ടതാണ്). ചിന്തിക്കുന്ന ജനങ്ങൾക്ക അതിൽ പല ദൃഷ്ടാന്തങ്ങളുമുണ്ട്.(30:22).

ദൈവം മനുഷ്യനു നല്കിയ കഴിവുകളും യോഗ്യതകളും ദൈവിക ഔദാര്യങ്ങളാണെന്നും അവ ഫലപ്രദമായ രീതിയിൽ ഉപയുക്തമാക്കണമെന്നുമാണ് ഇസ്ലാം നമ്മെ പഠിപ്പിക്കുന്നത്.

നിങ്ങൾക്ക് ഒന്നും അറിഞ്ഞുകൂടാത്ത അവസ്ഥയിൽ അല്ലാഹു നിങ്ങളെ നിങ്ങളുടെ മാതാക്കളുടെ ഉദരങ്ങളിൽ നിന്ന് പുറത്തു കൊണ്ടു വന്നു. അവൻ നിങ്ങൾക്ക് ചെവികളും കണ്ണുകളും ഹൃദയങ്ങളും ഉണ്ടാക്കിത്തരികയും ചെയ്തിരിക്കുന്നു; നിങ്ങൾ കൃതജ്ഞത കാണിക്കാൻ വേണ്ടി(16:79)

ഇതിന്റെ അർത്ഥം, ഇവ നിർദ്ധാരിത നിയമങ്ങളിലും അനുയോജ്യമായ അവസരങ്ങളിലും ഉപയോഗിക്കണമെന്നാണ്. അങ്ങനെ ചെയ്യുന്നതായാൽ അവ പരിപോഷിക്കുകയും പെരുകുകയും ചെയ്യും. എന്നാൽ അവയെ അവഗണിക്കുകയോ ദുരുപയോഗപ്പെടുത്തുകയോ ചെയ്യുന്ന പക്ഷം അതു ദൈവകോപം ക്ഷണിച്ചു വരുത്തലാവും.

## ബ്രഹ്മചര്യം

ചില മത ധർമ്മങ്ങൾ തെറ്റിധാരണയാൽ ബ്രഹ്മചര്യത്തെ വൈവാഹിക ജീവിതത്തെക്കാൾ ആത്മീയമായി ഉയർന്നതായി കണക്കാക്കുന്നു. ഇസ്ലാം ബ്രഹ്മചര്യത്തെ നിരാകരിക്കുകയും നിരുത്സാഹപ്പെടുത്തുകയും ചെയ്യുന്നു.

വിശുദ്ധ ഖുർആൻ പറയുന്നു:

പക്ഷേ, സന്ന്യാസ(സമ്പ്രദായ)ത്തെ അവർ നൂതനമായി കെട്ടിച്ചമച്ചുണ്ടാക്കി.അല്ലാഹുവിന്റെ തൃപ്തിയെ ആഗ്രഹിക്കുക എന്നതല്ലാതെ നാം അത് അവർക്ക് നിർബന്ധമാക്കിയിട്ടില്ല.(57:28)

ആശ്രമജീവിതം എന്ന സങ്കൽപ്പം തന്നെ സ്ത്രീ താഴ്ന്ന നിലയിലുള്ള സൃഷ്ടിയാണെന്നും അവളുമായുള്ള സമ്പർക്കം നിലവാരം കുറക്കുന്നതും ധർമ്മലോപം വരുത്തിവെക്കുന്നതുമാണെന്ന

ധാരണയിൽ നിന്നാണ് ഉദ്ഭവിച്ചത്. ക്രിസ്തുമതാചാര്യന്മാർ ആദിമമനുഷ്യന്റെ പതനത്തിന്റെ ഉത്തരവാദിത്വം സ്ത്രീയിൽ ചുമത്തുകയും അവളെ ആത്മാവില്ലാത്ത അസ്തിത്വമായും സാത്താന്റെ ഉപകരണമായും ചിത്രീകരിക്കുകയും ചെയ്തു.

ഇസ്‌ലാം ഈ മനോഭാവത്തെ തള്ളിക്കളയുകയും സ്ത്രീയെ പുരുഷനു തുല്യമായ ആത്മീയ സമത്വത്തിന്റെ പദവിയിലേക്ക് ഉയർത്തുകയുമാണ് ചെയ്തത്. സ്ത്രീ പുരുഷന്മാർ പരിപൂരകങ്ങളാണെന്നും പരസ്പരം സാഫല്യത്തിന്റെ ഉപാധികളാണെന്നും അത് വ്യക്തമാക്കുന്നു.ഉദാഹരണമായി അത് പറയുകയാണ്:

> അവർ നിങ്ങൾക്ക് ഒരു വസ്ത്രമാണ്; നിങ്ങൾ അവർക്കും ഒരു വസ്ത്രമാകുന്നു. (2:188)

## ആത്മീയ സമത്വം

സ്ത്രീ പുരുഷന്മാരുടെ ആത്മീയ സമത്വത്തെകുറിച്ചും വിശുദ്ധ ഖുർആൻ ആവർത്തിച്ച് ഊന്നിപ്പറയുന്നുണ്ട്. ഉദാഹരണത്തിന്;

> തീർച്ചയായും (അല്ലാഹുവിനോട്) അനുസരണം പുലർത്തുന്ന പുരുഷന്മാരും സ്ത്രീകളും സത്യവിശ്വാസികളും സത്യവിശ്വാസിനികളും (അല്ലാഹുവിനോട്) കീഴ്‌വണക്കമുള്ള പുരുഷന്മാരും സ്ത്രീകളും സത്യവാന്മാരും സത്യവതികളും സഹനശീലരായ പുരുഷന്മാരും സ്ത്രീകളും വിനയസ്വഭാവമുള്ള പുരുഷന്മാരും സ്ത്രീകളും ദാനധർമ്മം ചെയ്യുന്ന പുരുഷന്മാരും സ്ത്രീകളും വ്രതമനുഷ്ഠിക്കുന്ന പുരുഷന്മാരും സ്ത്രീകളും തങ്ങളുടെ ചാരിത്ര്യം സംരക്ഷിക്കുന്ന പുരുഷന്മാരും സ്ത്രീകളും അല്ലാഹുവിനെ അധികമായി സ്മരിക്കുന്ന പുരുഷന്മാരും സ്ത്രീകളും, ഇവർക്കെല്ലാം അല്ലാഹു പാപമുക്തിയും മഹത്തായ പ്രതിഫലവും ഒരുക്കി വെച്ചിട്ടുണ്ട്.(33:36)
>
> സത്യവിശ്വാസികളായ പുരുഷന്മാരുടെയും സ്ത്രീകളുടെയും നേരെ അല്ലാഹു കാരുണ്യത്തോടെ തിരിയുന്നതാണ്.അല്ലാഹു സർവഥാ പൊറുക്കുന്നവനും കാരുണ്യവാനുമാണ്. (33:74)

സ്ത്രീ പുരുഷന്മാർക്ക് തുല്യമായ സംരക്ഷണമാണ് നല്കപ്പെട്ടിരിക്കുന്നത്. ഉദാഹരണമായി:

> സത്യവിശ്വാസികളെയും സത്യവിശ്വാസിനികളെയും അവർ ഒരു തെറ്റും ചെയ്തിട്ടില്ലായിരിക്കെ ശല്യം ചെയ്യുന്നവർ,തീർച്ചയായും അവർ നുണയും വ്യക്തമായ പാപവും ചുമന്നിരുന്നു.(33:59)

സത്യവിശ്വാസികളെയും സത്യവിശ്വാസിനികളെയും പീഡിപ്പിക്കുകയും എന്നിട്ട് പശ്ചാതപിക്കാതിരിക്കുകയും ചെയ്യുന്നവരാരോ അവർക്ക് നരക ശിക്ഷയുണ്ടാകും. എരിച്ചുകളയുന്ന ശിക്ഷയാണ് അവർക്കുണ്ടാകുക(85:11)

**ഹുദൈബിയായിൽ ഉണ്ടായി വന്ന സന്ദർഭത്തെക്കുറിച്ച് ഇപ്രകാരം പറയപ്പെട്ടിരിക്കുന്നു:**

നിങ്ങളറിയാത്ത വിശ്വാസികളായ ചില പുരുഷന്മാരും വിശ്വാസിനികളായ ചില സ്ത്രീകളും ഇല്ലായിരുന്നെങ്കിൽ,അതായത് നിങ്ങളറിയാതെ അവരെ ചവിട്ടിപ്പോവുകയും അതിനാൽ അവരെ സംബന്ധിച്ച് നിങ്ങൾക്ക് വിഷമമുണ്ടാവകയും ചെയ്യുമെന്നുള്ളത് ഇല്ലായിരുന്നെങ്കിൽ അവൻ നിങ്ങൾക്ക് യുദ്ധാനുമതി നല്കുമായിരുന്നു.പക്ഷേ, അവനങ്ങനെ ചെയ്തില്ല.അല്ലാഹു ഉദ്ദേശിക്കുന്നവരെ തന്റെ കാരുണ്യത്തിൽ പ്രവേശിപ്പിക്കാൻ വേണ്ടിയാണിത്. അവർ(ആ വിശ്വാസികളും വിശ്വാസിനികളും) വേർപെട്ടിരുന്നെങ്കിൽ അവരിൽ നിന്ന് അവിശ്വസിച്ചവരെ നാം വേദനാജനകമായ ശിക്ഷയക്ക് വിധേയരാക്കുമായിരുന്നു.(48:26)

**പുരുഷനെ അപേക്ഷിച്ച്  സ്ത്രീകൾ കൂടുതൽ ദുർബലരായതിനാൽ അവർക്ക് പ്രത്യേക പരിരക്ഷ അനുവദിക്കപ്പെട്ടിരിക്കുന്നു.**

ചാരിത്രവതികളും (അപവാദത്തെക്കുറിച്ച്) അശ്രദ്ധകളും സത്യവിശ്വാസിനികളുമായ സ്ത്രീകളുടെ പേരിൽ ദുർന്നടപ്പാരോപിക്കുന്നവരാരോ അവർ ഇഹത്തിലും പരത്തിലും ശപിക്കപ്പെട്ടവരായിരിക്കും. അവർക്ക് വലിയ ശിക്ഷ ഉണ്ടായിരിക്കുന്നതുമാണ്. തങ്ങൾ ചെയ്തുകൊണ്ടിരിക്കുന്ന പ്രവർത്തികളെക്കുറിച്ച് അവരുടെ നാവുകളും അവരുടെ കൈകളും അവരുടെ കാലുകളും അവർക്കെതിരിൽ സാക്ഷ്യം വഹിക്കുന്ന നാളിൽ (അവർക്ക് കഠിനമായ ശിക്ഷ ഉണ്ടാകുന്നതാണ്)(24:24 - 25)

**മരണാനന്തര ജീവിതത്തിൽ സ്ത്രീപുരുഷന്മാർക്ക് തുല്യ പ്രതിഫലമായിരിക്കും  നല്കപ്പെടുക.**

സത്യവിശ്വാസിയായിരിക്കെ ആണിൽ നിന്നും പെണ്ണിൽ നിന്നും ആര് സുകൃതം പ്രവർത്തിക്കുന്നുവോ അക്കൂട്ടർ സ്വർഗ്ഗത്തിൽ പ്രവേശിക്കും.അവരോട് തരിമ്പും അനീതി കാണിക്കുകയില്ല. (4:125)

പുരുഷനോ സ്ത്രീയോ ആരായിരുന്നാലും സത്യവിശ്വാസിയായുംകൊണ്ട് സൽപ്രവൃത്തി ചെയ്യുന്നതായാൽ തീർച്ചയായും അയാളെ നാം നല്ല നിലക്ക് ജീവിപ്പിക്കും. അവർ പ്രവർത്തിച്ചുകൊണ്ടിരിക്കുനതിലേറ്റവും നല്ലതനുസരിച്ച് നാം അവർക്ക് നിശ്ചയമായും അവരുടെ പ്രതിഫലം നൽകുന്നതുമാണ്. (16:98)

ആരെങ്കിലും,അയാൾ ആണോ പെണ്ണോ ആവട്ടെ,സത്യവശ്വാസിയിരിക്കെ സൽക്കർമ്മം ചെയ്യുന്നതായാൽ അവർ സ്വർഗ്ഗത്തിൽ പോകുന്നതാണ്. അവിടെ അവർക്ക് ഒരു കണക്കും കൂടാതെ അനുഗ്രഹങ്ങൾ നല്കപ്പെടുകയും ചെയ്യും.(40:41)

സത്യവിശ്വാസികളായ പുരുഷന്മാരും സ്ത്രീകളും പരസ്പരം മിത്രങ്ങളാണ്. അവർ നല്ലത് ഉപദേശിക്കുകയും ചീത്തയായത് വിലക്കുകയും നമസ്കാരം നിലനിർത്തുകയും സക്കാത്ത് കൊടുക്കുകയും അല്ലാഹുവിനെയും അവന്റെ ദൂതനെയും അനുസരിക്കുകയും ചെയ്യുന്നു. അക്കൂട്ടർക്ക് അല്ലാഹു തീർച്ചയായും കരുണ ചൊരിയുന്നതാണ്. തീർച്ചയായും അല്ലാഹു പ്രതാപശാലിയും അഗാധജ്ഞനുമാകുന്നു.സത്യവിശ്വാസികൾക്കും സത്യവിശ്വാസിനികൾക്കും താഴോരത്തുകൂടി അരുവികൾ ഒഴുകുന്ന ആരാമങ്ങൾ അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു. അവർ അതിൽ നിത്യവാസികളായിരിക്കും. ശാശ്വതവാസത്തിനുള്ള ഉദ്യാനങ്ങളിൽ പരിശുദ്ധമായ താമസസ്ഥലങ്ങളും (അല്ലാഹു അവർക്ക് വാഗ്ദാനം ചെയ്തിരിക്കുന്നു.) അല്ലാഹുവിൽ നിന്നുള്ള പ്രീതിയാണ് എല്ലാത്തിലും മഹത്തരമായിട്ടുള്ളത്.അതു തന്നെയാണ് മഹത്തായ വിജയം.(9:71-72)

വിശ്വാസികളേയും വിശ്വാസിനികളേയും താഴോരത്തുകൂടി അരുവികളൊരുകുന്ന ഉദ്യാനങ്ങളിൽ അവൻ പ്രവേശിപ്പിക്കുന്നതിനും അതിൽ അവർ നിത്യവാസികളായിരിക്കും. അവരിൽനിന്ന് അവരുടെ തിന്മകളെ അകറ്റുന്നതിനും വേണ്ടിയാണിത്. അത് അല്ലാഹുവിന്റെ പക്കൽ മഹത്തായ വിജയമാണ്. (48:6)

അങ്ങനെ അവരുടെ നാഥൻ അവരുടെ പ്രർഥനയ്ക്ക് ഇങ്ങനെ പറഞ്ഞുകൊണ്ട് ഉത്തരം നൽകി: 'നിശ്ചയമായും നിങ്ങളിൽപെട്ട ഒരു പ്രവർത്തകന്റെയും പ്രവൃത്തിയെ ഞാൻ പാഴാകുകയില്ല. അത് പുരുഷനോ സ്ത്രീയോ ആരായാലും. നിങ്ങളിൽ ചിലർ മറ്റു ചിലരുമായി (പരസ്പരം) ബന്ധപ്പെട്ടവരാണ്'. (3:196)

എന്റെ ദാസരേ, ഇന്ന് നിങ്ങൾക്ക് ഒരു ഭയവുമില്ല. നിങ്ങൾ ദുഃഖിക്കുകയുമില്ല; നമ്മുടെ ദൃഷ്ടാന്തങ്ങളിൽ വിശ്വസിക്കുകയും സർവാത്മനാ നമുക്ക് കീഴടങ്ങുകയും ചെയ്യുന്ന (ദാസർ) (43:69-70)

തീർച്ചയായും സ്വർഗവാസികൾ അന്ന് ഒരു പ്രധാന ജോലിയിൽ ആനന്ദപുളകിതരായിരിക്കും. അവരും അവരുടെ ഇണകളും തണലുകളിൽ (ഇട്ടിരിക്കുന്ന) സോഫകളിൽ ചാരിയിരിക്കുന്നവരാണ്. അവർക്ക് അവിടെ പഴങ്ങളുണ്ട്. അവർ ആവശ്യപ്പെടുന്നതെല്ലാം അവിടെ അവർക്ക് ലഭിക്കുന്നതാണ്. (36:56-58)

വിശ്വാസികളേയും വിശ്വാസിനികളേയും അവരുടെ പ്രകാശം അവരുടെ മുമ്പിലും അവരുടെ വലതുവശത്തും ശീഘ്രഗമനം ചെയ്തുകൊണ്ടിരിക്കുന്ന അവസ്ഥയിൽ നീ കാണുന്ന നാളിനെക്കുറിച്ചു ചിന്തിക്കുക. (അവരോട് പറയപ്പെടും) ഇന്ന് നിങ്ങൾക്ക് അനുമോദനം. താഴോരത്തുകൂടി അരുവികളൊഴുകിക്കൊണ്ടിരിക്കുന്ന ആരാമങ്ങൾ നിങ്ങൾക്കുണ്ട്. അതിൽ (നിങ്ങൾ) ശാശ്വതമായി വസിക്കുന്നവരാണ്. അത് തന്നെയാണ് മഹത്തായ വിജയം. (57:13)

സത്യവിശ്വാസിനികൾക്കും സത്യവിശ്വാസികൾക്കും പൊറുക്കലിനായി പ്രാർഥിക്കുവാൻ പുണ്യ റസൂൽ(സ) പ്രേരിപ്പിക്കപ്പെട്ടിരിക്കുന്നു.(47:20)

## പ്രവൃത്തി വൈവിധ്യം

ദൈവിക പദ്ധതി അതിന്റെ സമസ്ത മണ്ഡലങ്ങളിലും ദൈവിക ജ്ഞാനത്തിന്റെ തെളിവുകൾ ഉൾക്കൊള്ളുന്നതാണ്. സ്ത്രീപുരുഷന്മാർ ആത്മീയമായി സമന്മാരും തുല്യമായ രീതിയിൽ ദൈവാനുഗ്രഹങ്ങളുടെ ഗുണഭോക്താക്കളുമാണെങ്കിലും കൂടി അവരുടെ പ്രവൃത്തികൾ ഒരേ രീതിയിലുള്ളതല്ല. ഈ വൈവിധ്യത്തിനനുസൃതമായി അവരുടെ കഴിവുകളിലും പ്രാപ്തികളിലും ഭിന്നതകളുണ്ട്. ഇത് വിശുദ്ധ ഖുർആനിൽ ഇപ്രകാരം സൂചിപ്പിക്കപ്പെട്ടിരിക്കുന്നു.

എല്ലാ വസ്തുവിനും അതാതിന്റെ (ആവശ്യമനുസരിച്ച്) അവയവങ്ങൾ നല്കുകയും പിന്നീട് (ഈ അവയവങ്ങൾ പ്രാവർത്തികമാക്കുന്നതിനുള്ള) മാർഗം കാണിക്കുകയും ചെയ്തനവനത്രെ ഞങ്ങളുടെ നാഥൻ. (20:51)

അല്ലാഹു ഏതൊരു പ്രകൃതിയിൽ മനുഷ്യരെ സൃഷ്ടിച്ചുവോ ആ പ്രകൃതി (കൈകൊള്ളുക). അല്ലാഹുവിന്റെ സൃഷ്ടിപ്പിന് ഒരു മാറ്റവുമില്ല.(30:31)

പുരുഷന്മാരെ സ്ത്രീകളാക്കാനും സ്ത്രീകളെ പുരുഷന്മാരാക്കി മാറ്റാനുമുള്ള സകല പരിശ്രമങ്ങളും വ്യർഥവും വിനാശകരവുമാണ്. ഓരോരുത്തർക്കും അവരുടേതായ ചുമതലകളുണ്ട്. അവയുടെ ശരിയായ നിർവഹണം ജീവിതത്തിന് അന്തസ്സും ആനന്ദവും സംതൃപ്തിയും സൗന്ദര്യവും പ്രദാനം ചെയ്യുന്നു.

സ്ത്രീപുരുഷന്മാരുടെ കഴിവുകളുടെ വൈവിധ്യത്തെക്കുറിച്ച് ഗാഢമായി ചിന്തിച്ചാൽ അവരിരുകൂട്ടരുടെയും പ്രവർത്തന വൈവിധ്യം പ്രകൃതിയുടെ ആസൂത്രണമാണെന്ന് വ്യക്തമാകും. ഉദാഹ

രണത്തിന് സ്ത്രീ കുഞ്ഞിനെ ഗർഭം ധരിക്കാൻ സുശക്തയാണ്. എന്നാൽ, പുരുഷൻ അതിന് അശക്തനാണ്. നേരെ മറിച്ച് പുരുഷൻ യുദ്ധരംഗത്തേക്ക് പരമയോഗ്യനാണ്. എന്നാൽ, ഒരു സ്ത്രീയെ സൈന്യത്തിന്റെ ചുമതലയേൽപ്പിക്കുന്നത് വിനാശം വരുത്തി വെക്കും. ഇത് ഉച്ചനീചത്വങ്ങളുടെ പ്രശ്നമല്ല. പ്രകൃതിപരമായ പ്രാപ്തികളുടെയും ശരിയായ പ്രവർത്തനത്തിന്റെയും പ്രശ്നമാണ്. കുഞ്ഞുങ്ങളെ പ്രസവിക്കുക എന്ന പ്രവൃത്തിയുടെ ശരിയായ നിർവ ഹണം സ്ത്രീകളുടെ മേലെ ചില പ്രതിബന്ധങ്ങൾ ചുമത്തിയിരി ക്കുന്നു. ഇതിൽ നിന്ന് പുരുഷൻ സ്വതന്ത്രനാണ്. എന്നാൽ മാതൃ ത്വത്തിന്റെ മഹാകിരീടമെന്ന ഉജ്ജ്വലമായ മഹത്വം സ്ത്രീക്ക് മാത്രം അവകാശപ്പെട്ടതാണ്. പുരുഷന് അതു സ്വപ്നം കാണാൻ പോലും ആവില്ല.

ശൈശവദശയിലുള്ള കുഞ്ഞുങ്ങളുടെ വളർച്ചയുടെ പൂർണ ഉത്തരവാദിത്വം മാതാവിനാണ്. പിതാവിന് അനുബന്ധ ധർമ്മം മാത്രമേ ഈ ഘട്ടത്തിലുള്ളൂ. ഈ അവസ്ഥയിൽ കുഞ്ഞ് അതിന്റെ ജന്മവാസനയാൽ സ്വാഭാവികമായും പരിലാളനങ്ങൾക്കും ആശ്വാ സത്തിനും സംരക്ഷണത്തിനും അച്ഛന്റെയടുത്തേക്കല്ല, മറിച്ച് അമ്മയുടെ അടുക്കലേക്കാണ് തിരിയുന്നത്. അമ്മ ശിക്ഷിക്കുമ്പോ ൾ കുഞ്ഞിന് അമ്മയോട് ഒരു നീരസവും തോന്നുന്നില്ല. എന്നാൽ, പിതാവ് അങ്ങനെ ചെയ്താൽ ഇഷ്ടക്കേട് കാട്ടുന്നു. പ്രകൃതി അമ്മക്കും കുഞ്ഞിനും ഇടയിൽ സ്ഥാപിച്ച ബന്ധം അച്ഛനും കുഞ്ഞും തമ്മിൽ ഉടലെടുക്കുന്ന ബന്ധത്തെക്കാൾ എത്രയോ ഊഷ്മളമാണ്.

ലോലയായ സ്ത്രീക്ക് സഹായത്തിനും സംരക്ഷണത്തിനും പുരു ഷന്റെ കരുത്ത് ആവശ്യമാണ്. ഒരു സ്ത്രീയെ അവളുടെ ആഗ്രഹ ത്തിനെതിരെ ബലം പ്രയോഗിച്ച് ചെയ്യിക്കാൻ പറ്റും. എന്നാൽ ഒരു പുരുഷന്റെ ഇംഗിതത്തിനെതിരിൽ ഒരു ബലപ്രയോഗവും ഫലിക്കില്ല.

ഭാര്യ, അമ്മ എന്നീ നിലക്ക് സ്ത്രീയുടെ പ്രഥമവും സാധാരണ വുമായ പ്രവൃത്തിമണ്ഡലം വീടാണ്. അന്നം തേടുന്നവൻ എന്ന നിലക്ക് പുരുഷന്റെ മണ്ഡലം വീടിനു വെളിയിലാണ്. യുക്തിജ്ഞാ നത്തെയും പ്രയോജനപരതയെയും അടിസ്ഥാനപ്പെടുത്തുന്ന ഒരു സാമൂഹ്യവ്യവസ്ഥ ഇവ രണ്ടും തമ്മിൽ ചേർച്ചയും സമത്വവും

കൊണ്ടുവരാനും നിലനിർത്താനും സഹായിക്കുന്നു. ഇതാണ് ഇസ് ലാമിന്റെ അവകാശവാദം.

# വിവാഹം

ഇസ്‌ലാമിൽ വിവാഹത്തിന്റെ ആത്യന്തിക ലക്ഷ്യം ചാരിത്ര്യം സാഫല്യം, സംതൃപ്തി, വംശതുടർച്ച എന്നിവയിലൂടെ അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുക എന്നതാണ്. യഥാർഥ സത്യ വിശ്വാസികളുടെ സവിശേഷതകളായ നിശ്ചിതവും വീനതവുമായ ആരാധനാനുഷ്ഠാനം, അനാവശ്യമായതൊക്കെ വർജ്ജിക്കൽ, സക്കാത്ത് നല്കൽ, അമാനത്തുകളും കരാറുകളും സൂക്ഷിക്കുന്നതിനുള്ള ജാഗ്രത എന്നിവയോടൊപ്പം വിവാഹത്തിലൂടെയുള്ള ചാരിത്ര്യസംരക്ഷണത്തിനും പ്രാധാന്യം നല്കപ്പെട്ടിരിക്കുന്നു.

> അവർ തന്നെയാണ് യഥാർഥ അവകാശികൾ. അവർ സ്വർഗത്തെ അവകാശമാക്കിയെടുക്കുന്നു. അവരതിൽ നിത്യവാസികളായിരിക്കും. (23:11,12)

ശേഷം ഖുർആൻ നിർദേശിക്കുന്നതിപ്രകാരമാണ്:

> നിങ്ങളിൽ നിന്നുള്ള വിധവകളേയും നിങ്ങളുടെ ആൺഅടിമകളിൽ നിന്നും പെൺഅടിമകളിൽ നിന്നുമുള്ള നല്ലവരേയും നിങ്ങൾ വിവാഹം ചെയ്യിക്കുക. അവർ ദരിദ്രരാണെങ്കിൽ അല്ലാഹു തന്റെ അനുഗ്രഹത്തിൽ നിന്ന് അവർക്ക് ഐശ്വര്യം നല്കും. (24:33)

പ്രവാചക ശ്രേഷ്ഠൻ(സ) പറയുകയുണ്ടായി, വിവാഹം എന്റെ സുന്നത്തിൽപ്പെട്ടതാണ്. എന്റെ സുന്നത്തിൽ നിന്ന് പിന്തിരിഞ്ഞ് കളയുന്നവൻ എന്നിൽപ്പെട്ടവനല്ല.

നിർഭാഗ്യകരം എന്നു പറയട്ടെ, പാശ്ചാത്യ സമൂഹം ചാരിത്രത്തെ സദാചാരമായി കാണുന്നില്ലെന്ന് മാത്രമല്ല, അത് ആക്ഷേപാർഹമായി കരുതുന്നു. പരീക്ഷണാടിസ്ഥാനത്തിലുള്ള ഒരുമിച്ചുള്ള ജീവിതവും ലൈംഗിക അരാചകത്വവും സാമാന്യമായി മാറിയിരിക്കുകയാണ്. വിവാഹബന്ധത്തിന് അകത്തും പുറത്തുമുള്ള വൈകൃതങ്ങളും സുഖലോലുപതയുമൊക്കെ രതിയുടെ യഥാർത്ഥ ലക്ഷ്യമായി കണക്കാക്കപ്പെടുന്നു. സ്ത്രീ വെറും ലൈംഗികാസ്വാദനത്തിനുള്ള ഉപകരണമായി തരം താഴ്ത്തപ്പെട്ടിരിക്കുന്നു.

ഇസ്‌ലാം മതപ്രകാരം ഭാര്യാഭർതൃബന്ധം സത്പെരുമാറ്റത്താൽ സവിശേഷമാക്കപ്പെട്ടിരിക്കുന്നു. വിശുദ്ധഖുർആൻ നിർദേശിക്കുന്നു:

നിങ്ങൾ അവരോട് നല്ലനിലയിൽ വർത്തിക്കുവിൻ. ഇനി നിങ്ങൾ അവരെ വെറുക്കുന്നുവെങ്കിൽ (നിങ്ങൾ മനസ്സിലാക്കിയിരിക്കേണ്ടതാണ്) നിങ്ങൾ ഒരു വസ്തുവിനെ വെറുക്കുകയും അല്ലാഹു അതിൽ ധാരാളം നൻമ വെച്ചിരിക്കുകയും ചെയ്തുവെന്നു വരാം. (4:20)

വൈവാഹിക ബന്ധത്തിന്റെ സ്വഭാവത്തെ തിരുനബി(സ) യുടെ നിർദേശത്തിൽ നിന്ന് മനസ്സിലാക്കാം. അദ്ദേഹം അരുളി: നിങ്ങൾ പരസ്പരം ഒരുമിക്കുമ്പോൾ, ഇപ്രകാരം പ്രാർത്ഥിക്കുക

"അല്ലാഹുവേ, ശൈത്വാനെ ഞങ്ങളിൽ നിന്ന് അകറ്റേണമേ. നീ ഞങ്ങൾക്ക് നൽകുന്ന സന്തതിയിൽ നിന്ന് ശൈത്വാനെ അകറ്റുകയും ചെയ്യേണമേ.

മുമ്പേ സൂചിപ്പിച്ചതു പോലെ വിശുദ്ധ ഖുർആൻ ഭാര്യഭർത്താക്കന്മാരെ പരസ്പരം വസ്ത്രങ്ങളായിട്ടാണ് മനസ്സിലാക്കിത്തരുന്നത്. (2:188) അതായത് സംരക്ഷണത്തിനും, അന്തസ്സിനും അലങ്കാരത്തിനുമുള്ള ഉപാധി.

എല്ലാവിധ വിഷയാസക്തിപരമായ ആശയങ്ങളെയും തള്ളിക്കളഞ്ഞുകൊണ്ട് ധാർമ്മികവും ആത്മീയവുമായ അന്തഃകരണത്തിന്റെ ഉത്തുംഗശ്രേണിയിലാണ് വൈവാഹിക ബന്ധമെന്ന മുഴുവൻ വിഷയത്തെയും ഇസ്‌ലാം അവതരിപ്പിക്കുന്നത്. താഴെകൊടുത്തിരിക്കുന്ന നിർദേശങ്ങളിൽ നിന്നും അനുശാസനകളിൽ നിന്നും ഇതു സംബന്ധിച്ച വ്യക്തമായ ചിത്രം ലഭിക്കുന്നു.

ആർത്തവത്തെപ്പറ്റി അവർ നിന്നോടു ചോദിക്കുന്നു. പറയുക, അതൊരു അസ്വാസ്ഥ്യമാകുന്നു. അതുകൊണ്ട്, നിങ്ങൾ ആർത്തവകാലത്ത് സ്ത്രീകളിൽ നിന്നു അകന്നുകഴിയുക. അവർ ശുദ്ധിയാകുന്നതുവരെ നിങ്ങളവരെ സമീപിക്കരുത്. അവർ (കുളിച്ചു) സ്വയം ശുദ്ധീകരിച്ചു കഴിഞ്ഞാൽ, അല്ലാഹു നിങ്ങളോട് കൽപ്പിച്ചപ്രകാരം നിങ്ങൾ അവരുടെയടുക്കൽ ചെന്നുകൊള്ളുക. നിശ്ചയമായും അല്ലാഹു പശ്ചാത്തപിക്കുന്നവരെ സ്നേഹിക്കുന്നു; (ബാഹ്യവും ആന്തരികവുമായ) പരിശുദ്ധി കൈവരിക്കുന്നവരെയും അവൻ സ്നേഹിക്കുന്നു. നിങ്ങളുടെ ഭാര്യമാർ നിങ്ങൾക്ക് (ഒരു) കൃഷിയിടമാകുന്നു. അതുകൊണ്ട്, നിങ്ങൾ ആഗ്രഹിക്കുംവിധം നിങ്ങളുടെ കൃഷിയിടത്തേക്ക് ചെന്നുകൊള്ളുക. നിങ്ങൾക്ക് ആവിശ്യമായത് മുൻകൂടി ചെയ്തു വെക്കുകയും വേണം. അല്ലാഹുവിനെ ഭയപ്പെടുക; അവനുമായി നിങ്ങൾ കണ്ടുമുട്ടുന്നവരാണെന്നു അറിഞ്ഞുകൊള്ളുക. സത്യവിശ്വാസികൾക്ക് നീ സന്തോഷവാർത്ത അറിയിക്കുകയും ചെയ്യുക. (2:223,224)

അങ്ങനെ ഭാര്യയുടെ, കുഞ്ഞിന് ജന്മം നല്കാനുള്ള കഴിവിനെ

യും സാധ്യതയെയും പ്രതികൂലമായി ബാധിക്കുന്ന എല്ലാ നിലപാടുകളും വിമർശിക്കപ്പെട്ടിരിക്കുന്നു. പരിശുദ്ധിയും തഖ്‌വയും എപ്പോഴും മനസ്സിലുറപ്പിക്കേണ്ടതാണ്. സച്ചരിതരുടെ ദുഃആകളുടെ കൂട്ടത്തിൽ ഒന്നായി വിശുദ്ധ ഖുർആൻ പഠിപ്പിക്കുന്നതാണിത്:

ഞങ്ങളുടെ നാഥാ! ഞങ്ങളുടെ ഇണകളിൽനിന്നും ഞങ്ങളുടെ സന്തതികളിൽനിന്നും ഞങ്ങൾക്ക് നീ കൺകുളിർമ (പരമസംതൃപ്തി) പ്രദാനം ചെയ്യേണമേ. ദോഷബാധയെ സൂക്ഷിക്കുന്നവർക്ക് ഞങ്ങളെ നേതാവാക്കേണമേ. (25:75)

## ഭാര്യാഭർത്താക്കന്മാരുടെ കടമകളും ചുമതലകളും

ഇസ്‌ലാമിക വ്യവസ്ഥിയിൽ, വിവാഹം സമൂലമായ പരസ്പര ധാർമ്മിക ബാധ്യതകളെ ഉൾക്കൊള്ളുന്ന മൗലിക ഉടമ്പടിയാണ്. അതിന്റെ പ്രാമാണ്യതയ്ക്ക് ഇരുവരുടെയും സ്വതന്ത്ര സമ്മതം, വധുവിന്റെ അവകാശങ്ങൾ ഉറപ്പിക്കാനും സംരക്ഷിക്കാനും ബാധ്യതപ്പെട്ട അവളുടെ രക്ഷിതാവിന്റെ സമ്മതം, വരൻ തന്റെ സാമ്പത്തിക മാർഗത്തിനനുസരിച്ച് വധുവിന് നല്കുന്ന വിവാഹ മൂല്യം അഥവാ മഹറിന്റെ പരസ്യപ്രഖ്യാപനം എന്നിവ ആവശ്യമാണ്. ഈ വിവാഹമൂല്യം വധുവിന് അവളുടെ മാതാപിതാക്കൾ നല്കുന്ന സ്ത്രീധനമായി തെറ്റുധരിച്ച് കൂടാത്തതാണ്.

വിവാഹത്തിനെതിരെയുള്ള വിലങ്ങുകൾ കൃത്യമായി നിർവചിക്കപ്പെട്ടിരിക്കുന്നു. ഇതിനെ തുടർന്നുകൊണ്ട് ഇപ്രകാരം പറയുന്നു.

(അന്യരുടെ) വിവാഹബന്ധത്തിലിരിക്കുന്ന സ്ത്രീകളും (നിരോധിക്കപ്പെട്ടിരിക്കുന്നു); നിങ്ങളുടെ ഉടമസ്ഥതയിലുള്ള സ്ത്രീകളൊഴികെ. നിങ്ങൾക്കുള്ള അല്ലാഹുവിന്റെ നിയമമാണിത്. ഇവർ (മേൽപറയപ്പെട്ട സ്ത്രീകൾ)ക്ക് പുറമെയുള്ള സ്ത്രീകളെ നിങ്ങളുടെ ധനം (വിവാഹമൂല്യം) മുഖേന അന്വേഷിക്കുന്നത് നിങ്ങൾക്ക് അനുവദനീയമാക്കപ്പെട്ടിരിക്കുന്നു; (അത് നിങ്ങൾ) വിവാഹബന്ധത്തിലേർപെടുന്നവരായിട്ടായിരിക്കണം, അവിഹിതബന്ധം പുലർത്തിക്കൊണ്ടാവരുത്. അവരിൽ നിന്നും ദാമ്പത്യസുഖം അനുഭവിച്ചു കഴിഞ്ഞാൽ അവരുടെ പ്രതിഫലം (വിവാഹമൂല്യം) നിശ്ചയിക്കപ്പെട്ടവിധം അവർക്ക് കൊടുക്കുക. (വിവാഹമൂല്യം) നിശ്ചയിക്കപ്പെട്ടശേഷം നിങ്ങൾ ഏതൊന്നിൽ പരസ്പരം തൃപ്തിപ്പെടുന്നുവോ അതിൽ നിങ്ങൾക്ക് കുറ്റമില്ല. തീർച്ചയായും അല്ലാഹു എല്ലാം അറിയുന്നവനും യുക്തിജ്ഞനുമാകുന്നു. (4:25)

ഭാര്യാഭർത്താക്കന്മാർക്ക് പരസ്പര പൂരകങ്ങളായ ബാധ്യതകളും ചുമതലകളുമുണ്ട്. എന്നാൽ പുരുഷൻ ഉപജീവനമാർഗം കണ്ടെത്തേണ്ടവനും ഭാര്യയെയും കുടുംബത്തെയും പുലർത്താൻ ചുമതലപ്പെട്ടവനുമായതിനാൽ, ഗൃഹഭരണ കാര്യങ്ങളിൽ അഭിപ്രായ വ്യത്യാസം വരുന്നേടത്ത് അവന്റെതായിരിക്കും അവസാന വാക്ക്. അല്ലാത്ത പക്ഷം കാര്യങ്ങൾ കൈവിട്ടുപോകാനും കുടുംബം നാശത്തെ അഭിമുഖീകരിക്കാനും സാധ്യതയുണ്ട്.

> അവർക്ക് (സ്ത്രീകൾക്ക് പുരുഷൻമാരോട്) ചില ബാധ്യതകളുള്ളതു പോലെ തന്നെ മര്യാദയനുസരിച്ച് (പുരുഷൻമാരിൽനിന്ന്) ചില അവകാശങ്ങൾ അവർക്ക് (സ്ത്രീകൾക്ക്) ലഭിക്കേണ്ടതുമുണ്ട്. എന്നാൽ, പുരുഷൻമാർക്ക് അവരുടെ മേൽ ഒരു പദവിയുണ്ട്. അല്ലാഹു പ്രതാപശാലിയും യുക്തിജ്ഞനുമാകുന്നു. (2:229)

സ്ത്രീകളുടെ ശാരീരിക ദുർബലതയും കോമളതയും എളുപ്പത്തിൽ വ്രണപ്പെടാനുള്ള സാധ്യതയും കണക്കിലെടുത്ത് പുരുഷന്മാരെ അവരുടെ രക്ഷാധികാരികളായി നിശ്ചയിക്കപ്പെട്ടിരിക്കുന്നു.

> പുരുഷൻമാർ സ്ത്രീകളുടെ മേൽ രക്ഷാധികാരനുള്ളവരാണ്. അല്ലാഹു അവരിൽ ചിലർക്ക് മറ്റവരെക്കാൾ (പുരുഷൻമാർക്ക് സ്ത്രീകളെക്കാൾ) ചില മേൻമകൾ നല്കിയതുകൊണ്ടും, അവർ തങ്ങളുടെ ധനത്തിൽനിന്ന് ചെലവു ചെയ്യുന്നുവെന്നുള്ളതുകൊണ്ടുമാണിത്. അതിനാൽ സച്ചരിതകളായ സ്ത്രീകൾ, അനുസരണശീലമുള്ളവരും അല്ലാഹു സംരക്ഷിച്ചവിധം (തങ്ങളുടെ ഭർത്താക്കൻമാരുടെ) രഹസ്യങ്ങൾ സൂക്ഷിക്കുന്നവരുമാണ്. (4:35)

ഭാര്യ നിരന്തരമായി പിടിവാശി കാണിക്കുകയാണെങ്കിൽ, അപകടത്തിലായിക്കൊണ്ടിരിക്കുന്ന ഗാർഹിക സമാധാനത്തെയും സൗഹാർദത്തെയും കണക്കിലെടുത്ത്, ഭർത്താവ് അവളെ ശാസിക്കേണ്ടതാണ്. അതും നിഷ്പ്രയോജനമാണെന്ന് തെളിയുന്ന പക്ഷം അവളെ താത്കാലികമായി ശയ്യാതലത്തിൽ നിന്ന് വേർപ്പെടുത്താവുന്നതാണ്. ഇനി അവസാന വഴി എന്ന നിലക്ക് അവന് മൃദുവായ ശിക്ഷാനടപടികളും  അവലംബിക്കാം.(4:45)

> ഇനി ഒരു സ്ത്രീ തന്റെ ഭർത്താവിൽ നിന്ന് വഴക്കോ അവഗണനയോ (ഉണ്ടായേക്കുമെന്ന്) ഭയപ്പെടുന്നുവെങ്കിൽ അവർ രണ്ടുപേരും തമ്മിൽ ഒരു രഞ്ജിപ്പുണ്ടാക്കുന്നതിൽ അവർക്ക് കുറ്റമൊന്നുമില്ല. രഞ്ജിപ്പ് ഏറ്റവും ഉത്തമമാകുന്നു. മനുഷ്യഹൃദയങ്ങളിൽ പിശുക്ക് കുടികൊള്ളുന്നു. നിങ്ങൾ നൻമ ചെയ്യുകയും ദോഷബാധയെ സൂക്ഷിക്കുകയും ചെയ്യുന്നതായാൽ(ഓർക്കുക)

നിങ്ങൾ പ്രവർത്തിക്കുന്നതിനെ സംബന്ധിച്ച് അല്ലാഹു നല്ലവണ്ണം അറിയുന്ന വനാണ്. (4:129)

പരസ്പരം കൂടിയാലോചിച്ചു കൊണ്ട് രഞ്ജിപ്പിലെത്തുക ദുഷ്ക രമായിത്തീരുമ്പോൾ മധ്യസ്ഥന്മാരുടെ സഹായം സ്വീകരിക്കേണ്ട താണ്. ഇപ്രകാരം പറയപ്പെട്ടിരിക്കുന്നു:

എന്നിട്ടും അവർ രണ്ടുപേർക്കുമിടയിൽ പിളർപ്പുണ്ടാകുമെന്ന് നിങ്ങൾ (സ മൂഹം) ഭയപ്പെടുന്ന പക്ഷം അവന്റെ ബന്ധുകളിൽനിന്ന് ഒരു മധ്യസ്ഥനെ യും അവളുടെ ബന്ധുകളിൽനിന്ന് ഒരു മധ്യസ്ഥനെയും നിങ്ങൾ നിശ്ചയി ക്കുക. അവർ രണ്ടുപേരും (മധ്യസ്ഥൻമാർ) രഞ്ജിപ്പുണ്ടാകണമെന്ന് ഉദ്ദേ ശിക്കുന്നതായാൽ അല്ലാഹു അവർ രണ്ടുപേർ (ഭാര്യാഭർത്താക്കൻമാർ)ക്കു മിടയിൽ യോജിപ്പുണ്ടാകുന്നതാണ്. തീർച്ചയായും അല്ലാഹു എല്ലാം അറി യുന്നവനും സൂക്ഷമഞ്ജനുമാകുന്നു. (4:36)

# വിവാഹ മോചനം

അനുരഞ്ജനത്തിനുള്ള എല്ലാ നടപടികളും നിഷ്പ്രയോജനമാ യിത്തീരുമ്പോൾ വിവാഹ ഉടമ്പടിയുടെ വിഘടനം മാത്രമാണ് ഏക പോംവഴി. എന്നിരുന്നാലും, ഇസ്‌ലാം ഒരിക്കലും തന്നെ വിവാഹ മോചനത്തെ തൃപ്തികരമായി കാണുന്നില്ല എന്നത് പ്രത്യേകം സ്മരണീയമാണ്. പരിശുദ്ധ പ്രവാചകൻ(സ) അരുളുകയുണ്ടായി: ‘അനുവദിക്കപ്പെട്ട കാര്യങ്ങളിൽ, അല്ലാഹുവിന്റെ കണ്ണിൽ ഏറ്റവും അതൃപ്തികരമായത് തലാഖാണ്(വിവാഹമോചനം).’

വിവാഹമോചന നടപടികൾ ഭർത്താവിനോ ഭാര്യക്കോ തുടങ്ങി വെക്കാവുന്നതാണ്. ഭാര്യ വിവാഹമോചനം ആഗ്രഹിക്കുന്ന സാഹ ചര്യത്തിൽ, അവളുടെ അവകാശങ്ങളുടെ പരിപൂർണ സംരക്ഷണം ഉറപ്പു വരുത്താൻ നിയമ സഹായത്തോടെ കാര്യങ്ങൾ നീക്കേണ്ട താണ്.

അനുരഞ്ജന ശ്രമങ്ങളെ വിഫലപ്പെടുത്തിക്കൊണ്ട് ഭിന്നതകൾ ഉടലെടുക്കുകയും ഭർത്താവ് ഭാര്യയെ ത്യജിക്കാൻ ശപഥം ചെയ്യുക യുമാണെങ്കിൽ നാലു മാസത്തിനുള്ളിൽ തീർപ്പ് കല്പിക്കേണ്ട താണ്.

തങ്ങളുടെ ഭാര്യമാരുമായി സംസർഗം ചെയ്യുന്നതല്ലെന്നു ശപഥം ചെയ്യുന്ന വർക്ക് (പരമാവധി) നാലുമാസം പ്രതീക്ഷിക്കാവുന്നതാണ്. പിന്നെ അവർ

(ഈ കാലയളവിൽ രഞ്ജിപ്പുദ്ദേശിച്ച്) മടങ്ങുന്നുവെങ്കിൽ തീർച്ചയായും അല്ലാഹു സർവഥാ പൊറുത്തുകൊടുക്കുന്നവനും വളരെ കൃപ ചെയ്യുന്ന വനുമത്രേ. ഇനി അവർ വിവാഹമോചനത്തിനാണ് തീരുമാനിക്കുന്നതെങ്കിൽ നിശ്ചയമായും അല്ലാഹു എല്ലാം കേൾക്കുന്നവനും നന്നായി അറിയുന്നവ നുമാകുന്നു. (2:227 - 228)

വിവാഹമോചനവുമായി ബന്ധപ്പെട്ട് ഒരുപാട് നിയന്ത്രണങ്ങ ളുണ്ട്. വളരെ ലാഘവത്തോടെയോ വികാരങ്ങൾക്ക് അടിമപ്പെട്ടു കൊണ്ടോ അമർഷത്താലോ വിവാഹമോചനത്തെ സമീപിക്കപ്പെടു ന്നില്ലെന്ന് ഉറപ്പാക്കാൻ വേണ്ടിമാത്രം രൂപീകരിക്കപ്പെട്ടവയാണ് അവ. ഇരുകൂട്ടർക്കും സന്താനങ്ങളുണ്ടെങ്കിൽ അവർക്കും സംഭ വിക്കാനിടയുള്ള എല്ലാ ഭവിഷ്യത്തുകളെയും ശ്രദ്ധയോടെ വിലയി രുത്തി തീരുമാനമെടുക്കപ്പെടുന്ന പരിപൂർണബോധത്തോടെയുള്ള പ്രവൃത്തിയായിരിക്കണം അത്. ഈ ലക്ഷ്യത്തെ മുന്നിൽകണ്ട്, വിവാഹമോചനം അന്തിമമായി തീരുമാനിക്കപ്പെടുന്നതിനു മുമ്പ് ശാന്തചിത്തരായി ചിന്തിക്കാനും ഒത്തുതീർപ്പു വരുത്തുവാനും അവ സരം നല്കുന്ന രീതിയിലുള്ള ഒരു പദ്ധതിയാണ് ആവിഷ്ക്കരിക്ക പ്പെട്ടിരിക്കുന്നത്.

(റദ്ദാക്കാവുന്ന) വിവാഹമോചനം രണ്ടു പ്രാവശ്യമാണ്. പിന്നീട് ന്യായമായ നില യിൽ (ഭാര്യയെ) കൂടെ നിർത്തുകയോ ഔദാര്യപൂർവം വിട്ടയക്കുകയോ ചെയ്യാം. നിങ്ങൾ അവർ(ഭാര്യമാർ)ക്ക് നല്കിയിട്ടുള്ളതിൽനിന്നു യാതൊന്നും (തിരികെ) വാങ്ങുന്നത് നിങ്ങൾക്ക് അനുവദനീയമല്ല; രണ്ടുപേരും അല്ലാ ഹുവിന്റെ നിയമാതിർത്തികളെ നിലനിർത്തുകയില്ലെന്നു ഭയപ്പെടുന്നെങ്കി ലല്ലാതെ. എന്നാൽ, അല്ലാഹുവിന്റെ നിയമപരിധികളെ പാലിക്കുവാൻ അവ ർക്ക് കഴിയാതെ വരുമെന്നു നിങ്ങൾ ഭയപ്പെടുന്നുവെങ്കിൽ അപ്പോൾ എന്തു നല്കികൊണ്ട് അവൾ (വിവാഹ)മോചനം നേടുന്നുവോ അതിലവർക്ക് ഇരു വർക്കും കുറ്റമില്ല. അല്ലാഹുവിന്റെ നിയമപരിധികളാണിവ. അതുകൊണ്ട്; ഇവയെ നിങ്ങൾ ലംഘിക്കരുത്. ആരെങ്കിലും അല്ലാഹുവിന്റെ നിയമപരി ധികളെ അതിലംഘിക്കുന്നുവെങ്കിൽ (അറിയുക) അവർതന്നെയാണ് അധർമികൾ. (2:230)

തിടുക്കത്തിലുള്ള തലാഖിനെതിരെയുള്ള മറ്റൊരു നിയന്ത്രണം.

പിന്നീട് (മൂന്നാംപ്രാവശ്യം) അവൻ അവളുമായുള്ള വിവാഹബന്ധം വേർപെ ടുത്തിയെങ്കിൽ അതിനുശേഷം അവനല്ലാത്ത മറ്റൊരു ഭർത്താവിനെ അവൾ വിവാഹം ചെയ്യു(കയും ആ ബന്ധം വേർപ്പെടുകയും ചെയ്യു)ന്നതുവരെ

അവൾ അവന് അനുവദനീയമാവുകയില്ല. പിന്നെ ആ (രണ്ടാമത്തെ) ആൾ അവളെ വിവാഹമോചനം ചെയ്തുകഴിഞ്ഞാൽ (വിവാഹബന്ധത്തിലേക്ക്) അവരന്യോന്യം തിരിച്ചുവരുന്നതിൽ അവർക്ക് കുറ്റമൊന്നുമില്ല; അല്ലാഹുവിന്റെ നിയമപരിധികൾ നിലനിർത്തുവാൻ കഴിയുമെന്ന് ഇരുവരും കരുതുന്നുവെങ്കിൽ. ഇവ അല്ലാഹുവിന്റെ നിയമപരിധികളത്രെ. ഗ്രഹിക്കുന്ന ജനങ്ങൾക്ക് അവൻ അവയെ വിശദീകരിച്ചുകൊടുക്കുന്നു. (2:231)

നിങ്ങൾ സ്ത്രീകളെ (റദ്ദാക്കുന്ന) വിവാഹമോചനം ചെയ്തിട്ട് അവർ അവരുടെ (ഇദ്ദയുടെ) അവസാന അവധി വരെയെത്തിയാൽ നിങ്ങൾ അവരെ തിരിച്ചെടുത്തു ന്യായമായ നിലയിൽ കൂടെ നിറുത്തുകയോ അല്ലെങ്കിൽ ന്യായമായ നിലയിൽ വിട്ടയക്കുകയോ ചെയ്യുക. (എന്നാൽ) അതിക്രമം പ്രവർത്തിക്കുവാൻ വേണ്ടി തെറ്റായ നിലയിൽ നിങ്ങൾ അവരെ കൂടെ നിറുത്തരുത്. ആരെങ്കിലും അപ്രകാരം ചെയ്യുന്നതായാൽ നിശ്ചയമായും അവൻ തന്നോടുതന്നെയാണ് അധർമ്മം പ്രവർത്തിക്കുന്നത്. നിങ്ങൾ അല്ലാഹുവിന്റെ കല്പനകളെ പരിഹാസപാത്രമാക്കരുത്. അല്ലാഹു നിങ്ങൾക്കു ചെയ്തിട്ടുള്ള അനുഗ്രഹത്തെയും നിങ്ങളെ ഉപദേശിച്ചുകൊണ്ട് അവൻ നിങ്ങൾക്ക് ഇറക്കിത്തന്നിരിക്കുന്ന ഗ്രന്ഥത്തെയും (അതിലെ) തത്ത്വജ്ഞാനത്തെയും നിങ്ങൾ സ്മരിക്കുക, അല്ലാഹുവിനെ ഭയപ്പെടുകയും ചെയ്യുക. അല്ലാഹു എല്ലാ കാര്യങ്ങളും നല്ല വണ്ണം അറിയുന്നവനാണെന്ന് നിങ്ങൾ ഗ്രഹിച്ചുകൊള്ളുക. (2:232)

നിങ്ങൾ സ്ത്രീകളെ വിവാഹബന്ധത്തിൽനിന്നു മോചിപ്പിക്കുകയും അവർ തങ്ങളുടെ (ഇദ്ദയുടെ) അവധി എത്തുകയും ചെയ്താൽ അവർ മര്യാദയനുസരിച്ചു പരസ്പരം തൃപ്തിപ്പെടുന്നപക്ഷം അവരുടെ (പൂർവ)ഭർത്താക്കന്മാരെ (വീണ്ടും) വിവാഹം ചെയ്യുന്നതിൽനിന്നു നിങ്ങൾ അവരെ തടയരുത്. നിങ്ങളിൽ നിന്നു അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നവർക്ക് നൽകപ്പെടുന്ന ഉപദ്ദേശമാണിത്. ഇതാകട്ടെ നിങ്ങൾക്ക് ഏറ്റവും അനുഗൃഹീതവും പരിശുദ്ധവുമായിട്ടുള്ളതാണ്. അല്ലാഹു അറിയുന്നു; നിങ്ങൾ അറിയുന്നില്ല. (2:233)

വിവാഹമോചിതരായ സ്ത്രീകൾ മൂന്നു ആർത്തവകാലം വരെ സ്വയം നിയന്ത്രിച്ചു കാത്തിരിക്കേണ്ടതാണ്. അവർ അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നവരാണെങ്കിൽ, (അവർ അറിഞ്ഞിരിക്കട്ടെ) അവരുടെ ഗർഭാശയങ്ങളിൽ അല്ലാഹു സൃഷ്ടിച്ചിട്ടുള്ളതിനെ മറച്ചുവെക്കുന്നത് അവർക്ക് അനുവദനീയമല്ല. അവരുടെ ഭർത്താക്കന്മാർ രഞ്ജിപ്പാണ് ആഗ്രഹിക്കുന്നതെങ്കിൽ അതിൽ (ആ കാലയളവിൽ) അവരെ തിരിച്ചെടുക്കുന്നതിന് കൂടുതൽ അവകാശമുള്ളവരാണ്. (2:229)

**അസാധുവാക്കാനാവുന്ന തലാഖിന്റെ വിധിക്ക് ശേഷം ഭാര്യഭർത്താക്കന്മാർ വിവാഹബന്ധത്തിലേർപ്പെട്ടാൽ ആ വിധി അസാധുവായിത്തീരും.**

നിങ്ങളിൽ നിന്നു മരണമടയുന്നവരുടെ ശേഷിച്ചിരിക്കുന്ന ഭാര്യമാർ സ്വയം നിയന്ത്രിച്ചു നാലുമാസവും പത്തു ദിവസവും ദീക്ഷയനുഷ്ഠിക്കേണ്ടതാണ്. അങ്ങനെ അവർ തങ്ങളുടെ അവധി പൂർത്തിയാക്കിക്കഴിഞ്ഞാൽ ന്യായമായ നിലയിൽ സ്വന്തം കാര്യത്തിൽ അവർ എന്തെങ്കിലും പ്രവർത്തിക്കുന്നതിൽ നിങ്ങൾക്ക് കുറ്റമൊന്നുമില്ല. നിങ്ങൾ പ്രവർത്തിക്കുന്നതെന്തും അല്ലാഹു സൂക്ഷ്മമായി അറിയുന്നവനത്രെ. (2:235)

(അത്തരം) സ്ത്രീകളുമായി വിവാഹാലോചന ചെയ്യുന്നതിന് നിങ്ങൾ സൂചന നല്കുകയോ അതല്ലെങ്കിൽ (അക്കാര്യം) നിങ്ങളുടെ മനസ്സുകളിൽ മറച്ചു വെക്കുകയോ ചെയ്യുന്നതിൽ നിങ്ങൾക്ക് കുറ്റമൊന്നുമില്ല. തീർച്ചായും നിങ്ങൾക്ക് അവരെപ്പറ്റി വിചാരമുണ്ടാകുമെന്നു അല്ലാഹുവിനറിയാം. എങ്കിലും, നിങ്ങൾ മാന്യമായ വാക്ക് പറയുകയല്ലാതെ, നിങ്ങൾ അവരുമായി രഹസ്യ വാഗ്ദാനം ചെയ്യരുത്. (ഇദ്ദയുടെ) നിർദിഷ്ടാവധിയെത്തുന്നതുവരെ നിങ്ങൾ വിവാഹബന്ധം ഉറപ്പിക്കുകയുമരുത്. നിങ്ങളുടെ ഹൃദയങ്ങളിലുള്ളത് അല്ലാഹു അറിയുന്നവെന്നു നിങ്ങൾ മനസിലാക്കുക. അതുകൊണ്ട്, അവനെ നിങ്ങൾ സൂക്ഷിച്ചുകൊള്ളുക. അല്ലാഹു അങ്ങേയറ്റം പൊറുത്തുകൊടുക്കുന്നവനും സഹിഷ്ണുതയുള്ളവനുമാണെന്നും നിങ്ങൾ അറിഞ്ഞുകൊള്ളുക. (2:236)

നിങ്ങളിൽ നിന്നു ഭാര്യമാരെ വിട്ട് ചരമം പ്രാപിക്കുന്നവർ, തങ്ങളുടെ ഭാര്യമാരെ വീട്ടിൽ നിന്നു പുറത്ത് അയക്കാതെ ഒരുവർഷം വരെ അവർക്ക് ജീവനാംശം നല്കേണമെന്ന് വസിയ്യത്ത് ചെയ്യേണ്ടതാണ്. എന്നാൽ അവർ (സ്വമനസ്സാലെ) പുറത്തുപോകുന്നപക്ഷം അവർ തങ്ങളുടെ കാര്യത്തിൽ ന്യായമായി എന്തുചെയ്യുന്നുവോ അതിൽ നിങ്ങൾക്ക് കുറ്റമൊന്നുമില്ല. അല്ലാഹു പ്രതാപശാലിയും അഗാധജ്ഞാനിയുമാകുന്നു. (2:241)

വിവാഹമോചിതരായ സ്ത്രീകൾക്കും ന്യായാനുസരണം ജീവനാംശം നല്കേണ്ടതാണ്. (ഇക്കാര്യം) സൂക്ഷമതപാലിക്കുന്നവർക്ക് (നാം) ഒരു ബാധ്യതയാക്കിയിരിക്കുന്നു. (2:242)

നിങ്ങൾ സ്ത്രീകളെ (വിവാഹം ചെയ്തിട്ട് അവരെ) സ്പർശിച്ചിട്ടില്ലാത്ത അവസ്ഥയിലോ അല്ലെങ്കിൽ വിവാഹമൂല്യമായി ഒന്നും നിശ്ചയിച്ചിട്ടില്ലാത്ത അവസ്ഥയിലോ അവരെ വിവാഹമോചനം ചെയ്തുവെങ്കിൽ നിങ്ങൾക്ക് കുറ്റമൊന്നുമില്ല. എന്നാൽ, (ഈ സ്ഥിതിയിൽ) നിങ്ങൾ അവർക്ക് ജീവിതവിഭവം

നല്കേണ്ടതാണ്. സമ്പന്നർ അവന്റെ കഴിവനുസരിച്ചും ദരിദ്രർ അവന്റെ കഴിവനുസരിച്ചും മര്യാദപ്രകാരമുള്ള ജീവിതവിഭവം. സദ്വൃത്തൻമാർക്ക് അതൊരു ബാധ്യതയാകുന്നു. (2:237)

നിങ്ങൾ അവർക്ക് വിവാഹമൂല്യം നിശ്ചയിച്ചുകൊടുത്തിരിക്കെ അവരെ സ്പർശിക്കുന്നതിനു മുമ്പ് വിവാഹമോചനം ചെയ്യുന്നുവെങ്കിൽ നിങ്ങൾ നിശ്ചയിച്ചതിന്റെ പകുതി കൊടുക്കേണ്ടതാണ്; അവർ വിട്ടുവീഴ്ച ചെയ്യുകയോ അല്ലെങ്കിൽ വിവാഹബന്ധം ആരുടെ അധികാരത്തിലാണോ ആ ആൾ വിട്ടുവീഴ്ച ചെയ്യുകയോ ചെയ്യുന്നെങ്കിലൊഴികെ. എന്നാൽ, നിങ്ങൾ വിട്ടുവീഴ്ച ചെയ്യുന്നതാണ് ദൈവഭക്തിയുമായി ഏറ്റവുമടുത്തത്. നിങ്ങൾക്കിടയിലുള്ള ഔദാര്യം നിങ്ങൾ മറക്കരുത്. നിശ്ചയമായും നിങ്ങൾ ചെയ്യുന്നതെന്തും അല്ലാഹു നല്ലവണ്ണം കാണുന്നവനാണ്. (2:238)

മാതാക്കൾ അവരുടെ ശിശുക്കൾക്ക് പൂർണമായും രണ്ടുവർഷം മുലകൊടുക്കേണ്ടതാണ്. (നിശ്ചിതകാലം വരെ) മുലയൂട്ടൽ പൂർത്തിയാക്കുവാൻ ഉദ്ദേശിക്കുന്നവർക്കത്രെ (ഈ വിധി). കുട്ടി ജനിച്ചത് ആർക്കാണോ അവൻ (ആ മാതാക്കൾക്ക്) മര്യാദപ്രകാരം ആഹാരവും വസ്ത്രവും നല്കുവാൻ ബാധ്യസ്ഥനാണ്. ഒരാളും അയാൾക്ക് കഴിവുള്ളതിനല്ലാതെ നിർബന്ധിക്കപ്പെടുന്നില്ല. മാതാവിനെ അവളുടെ കുട്ടിമൂലം വിഷമിപ്പിക്കരുത്; അത് ജനിച്ചത് ആർക്കാണോ അവനെയും ആ കുട്ടിമൂലം വിഷമിപ്പിക്കരുത് (പിതാവു മരിച്ചുപോയെങ്കിൽ അയാളുടെ) അവകാശിക്കും ഇതുപോലുള്ള ബാധ്യതയുണ്ട്. ഇനി ഇരുവരും (മാതാപിതാക്കൾ) പരസ്പരം കൂടിയാലോചിച്ചും തൃപ്തിപ്പെട്ടും കുട്ടിയുടെ മുലകുടി മാറ്റുവാൻ ഉദ്ദേശിക്കുന്നുവെങ്കിൽ അവർക്ക് കുറ്റമൊന്നുമില്ല, നിങ്ങൾ നിങ്ങളുടെ ശിശുക്കൾക്ക് (മറ്റു സ്ത്രീകളെക്കൊണ്ട്) മുലകൊടുപ്പിക്കുവാനുദ്ദേശിക്കുന്നുവെങ്കിൽ അതിനും നിങ്ങൾക്ക് കുറ്റമൊന്നുമില്ല, നിങ്ങൾ (പ്രതിഫലമായി) നിശ്ചയിച്ചത് മര്യാദപ്രകാരം കൊടുത്തു വീട്ടിയെങ്കിൽ. അല്ലാഹുവിനെ സൂക്ഷിക്കുക; നിങ്ങൾ പ്രവർത്തിക്കുന്നതെന്തും അല്ലാഹു ശരിക്കും കാണുന്നുണ്ടെന്ന് അറിയുക. (2:234)

ഇതെല്ലാം തന്നെ ഇങ്ങനെ സംഗ്രഹിക്കപ്പെട്ടിരിക്കുന്നു.

ഓ നബീ, നിങ്ങൾ സ്ത്രീകളെ വിവാഹമോചനം ചെയ്യുമ്പോൾ അവരുടെ "ഇദ്ദ" (നിശ്ചിതകാലാവധി)യുടെ സമയമനുസരിച്ച് വിവാഹമോചനം ചെയ്യുക. ഇദ്ദ (യുടെ ദിനങ്ങൾ) കണക്കാകുകയും ചെയ്യുക. നിങ്ങളുടെ നാഥനായ അല്ലാഹുവിനെ സൂക്ഷിക്കുക. അവരുടെ വീടുകളിൽനിന്ന് നിങ്ങളവരെ പുറത്താക്കരുത്.അവർ സ്വയം പുറത്തുപോവുകയുമരുത്, അവർ പ്രത്യക്ഷമായൊരു ദുർവൃത്തി ചെയ്താലല്ലാതെ. അല്ലാഹുവിന്റെ (നിയമ)പരിധികളാ

ണിവ. അല്ലാഹുവിന്റെ നിയമപരിധികളെ വല്ല വനും ലംഘിക്കുന്നതായാൽ അവൻ തന്റെ സ്വന്തം ആത്മാവിനോടുതന്നെയാണ് ദ്രോഹം ചെയ്യുന്നത്. അതിനുശേഷം അല്ലാഹു ഏതെങ്കിലും ഒരു പുതിയ കാര്യം നടപ്പിൽവരു ത്തിയേക്കുമെന്നു നീ അറിയുന്നില്ല. (65:2)

അങ്ങനെ അവരുടെ അവധി എത്തിയാൽ നല്ല നിലയ്ക്ക് അവരെ കൂടെ നിറുത്തുക. അല്ലെങ്കിൽ നല്ല നിലയ്ക്ക് അവരുമായി വിട്ടുപിരിയുക. നിങ്ങ ളിൽനിന്നുള്ള രണ്ടു നീതിമാൻമാരെ സാക്ഷികളാക്കുകയും ചെയ്യുക. (സാ ക്ഷ്യം വഹിക്കുന്നവരേ, നിങ്ങൾ) അല്ലാഹുവിനുവേണ്ടി സാക്ഷ്യം നിലനിറു ത്തുക. അല്ലാഹുവിലും അന്ത്യനാളിലും വിശ്വസിക്കുന്നവന് നല്കപ്പെടുന്ന ഉപദേകശമാണിത്. (65:3)

നിങ്ങളുടെ സ്ത്രീകളിൽനിന്ന് ആർത്തവത്തെക്കുറിച്ച് പ്രതീക്ഷയില്ലാത്തവ രെ സംബന്ധിച്ചിടത്തോളം, നിങ്ങൾ സംശയിക്കുന്നപക്ഷം അവരുടെ 'ഇദ്ദ' മൂന്ന് മാസമാണ്. ആർത്തവം ഉണ്ടാകാത്ത സ്ത്രീകളുടെ കാര്യവും അങ്ങ നെ തന്നെ. ഗർഭിണികളായ സ്ത്രീകളാവട്ടെ, അവരുടെ അവധി (ഇദ്ദ) അവർ പ്രവസിക്കലാകുന്നു. (65:5)

അവരെ (വിവാഹമുക്തകളായ സ്ത്രീകളെ അവരുടെ ഇദ്ദയുടെ സമയത്ത്) നിങ്ങളുടെ കഴിവനുസരിച്ചുള്ള നിങ്ങളുടെ വാസസ്ഥലത്ത് താമസിപ്പിക്കു ക. അവർക്ക് വിഷമമുണ്ടാക്കാൻവേണ്ടി നിങ്ങളവരെ ബുദ്ധിമുട്ടിക്കരുത്. അവർ ഗർഭിണികളാണെങ്കിൽ പ്രസവിക്കുന്നതുവരെ നിങ്ങളവർക്ക് ചെലവ് നല്കുക. പിന്നീട് നിങ്ങൾക്ക് വേണ്ടി അവർ (ശിശുവിന്) മുലകൊടുക്കുകയാ ണെങ്കിൽ നിങ്ങളവർക്ക് അവരുടെ പ്രതിഫലങ്ങൾ നൽകുക. ഉചിതമായനില യിൽ നിങ്ങൾ പരസ്പരം കൂടിയാലോചിച്ചു തീരുമാനിക്കുക. നിങ്ങൾക്ക് പര സ്പരം വിഷമം അനുഭവപ്പെടുന്നതായാൽ അവനു(പിതാവിനു) വേണ്ടി മറ്റൊരു സ്ത്രീ മുലകൊടുക്കട്ടെ. സമ്പന്നൻ തന്റെ കഴിവനുസരിച്ച് ചെലവഴിക്കട്ടെ. വല്ല വനും ഉപജീവനം ഞെരുക്കമാക്കപ്പെട്ടാൽ അല്ലാഹു അവന് നല്കിയതിൽ നിന്ന് (കഴിവനുസരിച്ച്) അവൻ ചെലവഴിക്കട്ടെ. അല്ലാഹു നല്കിയതനുസരിച്ച് പ്രവർത്തിക്കാനല്ലാതെ ഒരാളേയും അവൻ നിർബന്ധിക്കുകയില്ല. അല്ലാഹു പ്രയാസത്തിനുശേഷം താമസിയാതെ ആശ്വാസം നൽകുന്നതാണ്. (65:7,8)

## ബഹുഭാര്യത്വം

ഇസ്‌ലാം ഒഴിച്ച് ഒരു മതത്തിലും പ്രത്യേകമായ ദൈവിക വിധി പ്രകാരം ബഹുഭാര്യത്വം നിയന്ത്രിക്കപ്പെട്ടിട്ടില്ല. ഇസ്‌ലാം ആകട്ടെ,

ഭാര്യമാരുടെ എണ്ണത്തെ പരിമിതപ്പെടുത്തിയിരിക്കുന്നു. ഇസ്‌ലാം ബഹുഭാര്യത്വം അനുവദിക്കുന്നുവെങ്കിലും അവരുടെ എണ്ണം നാലായിച്ചുരുക്കിയിരിക്കുന്നു. ഈ അനുമതിക്കുമേലെ ഭാര്യമാരുടെ നേരെ നീതിപൂർവ്വകമായ പെരുമാറ്റം എന്ന നിയന്ത്രണവും ഏർപ്പെടുത്തിയിരിക്കുകയാണ്.

> എന്നാൽ നിങ്ങൾക്ക് നീതി പാലിക്കാനാവില്ലെന്ന് നിങ്ങൾ ഭയപ്പെടുന്നുവെങ്കിൽ ഒരു സ്ത്രീയെ (മാത്രം വിവാഹം ചെയ്യുക) (4:4)

ഒന്നിലധികം ഭാര്യമാരുണ്ടാകുമ്പോൾ അവരോടുള്ള ന്യായപൂർണമായ സമീപനം എന്നാൽ പരിപാലനം, ഉപജീവനം, സൗഹൃദം മുതലായ തുല്യമായി പങ്കുവെക്കാൻ കഴിയുന്ന എല്ലാ കാര്യങ്ങളിലുള്ള സമത്വത്തെ അടിസ്ഥാനപ്പെടുത്തിയിട്ടുള്ളതാണ്. ഒരു വ്യക്തിയുടെ നിയന്ത്രണത്തിന് വിധേയമല്ലാത്ത കാര്യങ്ങളിൽ, ഉദാഹരണത്തിന് വൈകാരികമായ അടുപ്പത്തിലും താത്പര്യത്തിലും മറ്റും, തുല്യത നിർദേശിക്കപ്പെട്ടിട്ടില്ല. ഇവയൊക്കെ പൊതുതത്ത്വം കൊണ്ട് ഒഴിവാക്കപ്പെട്ടിരിക്കുന്നു.

> അല്ലാഹു ഒരാൾക്കും അവന്റെ കഴിവിൽപ്പെട്ടതല്ലാതെ ഉത്തരവാദിത്തമേല്പിക്കുന്നില്ല. (2:287)

എന്നാൽ, ഒരു പ്രത്യേക നിർദേശം സ്പഷ്ടമാക്കപ്പെട്ടിരിക്കുന്നു.

> നിങ്ങൾ എത്രതന്നെ ആഗ്രഹിച്ചാലും സ്ത്രീകൾക്കിടയിൽ നിങ്ങൾക്ക് നീതി പുലർത്താനാവില്ല. അതിനാൽ, നിങ്ങൾ (ഒരുത്തിയുടെ ഭാഗത്തേക്ക്) മുഴുവനായും ചാഞ്ഞുപോകരുത്. (അതിന്റെ ഫലം) മറ്റവളെ നിങ്ങൾ ബന്ധിക്കപ്പെട്ട വസ്തുവിനെപ്പോലെ വിടുകയായിരികും. നിങ്ങൾ പരസ്പരം രഞ്ജിപ്പുണ്ടാക്കുകയും ദോഷബാധയെ സൂക്ഷിക്കുകയും ചെയ്യുന്നതായാൽ (ഓർക്കുക) തീർച്ചയായും അല്ലാഹു വളരെയധികം പൊറുക്കുന്നവനും കരുണാമയനുമാണ്. (4:130)

ചില ആധുനിക മുസ്‌ലിം എഴുത്തുകാർ പാശ്ചാത്യരുടെ പ്രീതി സമ്പാദിക്കാനുള്ള വ്യഗ്രതയിലും തിടുക്കത്തിലും ബഹുഭാര്യത്വം സമത്വസമീപനത്തിലൂടെ പരിമിതപ്പെടുത്തിയിരിക്കുന്നതിനാലും(4:4) സമത്വം അസാധ്യമാണെന്ന് വിധിക്കപ്പെട്ടിരിക്കുന്നതിനാലും(4:130) ബഹുഭാര്യത്വാനുമതി ഫലത്തിൽ ദുർബലമാണെന്ന് തർക്കിക്കാൻ മുതിർന്നിരിക്കുകയാണ്. ഇതു തികച്ചും തെറ്റിധാരണയും പരിപൂർണമായും അനിർവാഹകവുമാണ്. പറയപ്പെട്ട ആയത്ത് തന്നെ ബഹുഭാര്യത്വ പദ്ധതിയുടെ തുടർച്ച സംഭവ്യമാ

ണെന്ന് വ്യക്തമാക്കുന്നു. അതുപോലെതന്നെ പ്രവാചകശ്രേഷ്ഠനോ(സ) അങ്ങയുടെ സഹാബത്തോ(അനുചരന്മാരോ) 4:4 മുഖേന നല്കപ്പെട്ട അനുവാദത്തെ 4:130 മുഖേന അസാധുവാക്കിയതായി വിശദീകരിക്കുകയോ നാളിതുവരെയുള്ള മുസ്ലിം നിയമജ്ഞരോ അപ്രകാരം വ്യാഖ്യാനം നല്കുകയോ ചെയ്തിട്ടില്ല.

ഉന്നതമായ ധാർമ്മിക ഗുണങ്ങളെ പ്രബലപ്പെടുത്തുന്നതിനും സ്ത്രീപുരുഷന്മാരുടെ ചാരിത്ര്യത്തെ സംരക്ഷിക്കുന്നതിനുമായി ഉന്നത യുക്തിജ്ഞാനത്താൽ രൂപീകരിക്കപ്പെട്ട ഉപാധിയാണ് ഇസ്ലാം നിരൂപിക്കുന്നതും നിയന്ത്രിക്കുന്നതുമായ ബഹുഭാര്യത്വം എന്നതാണ് സത്യം. പ്രയോജനപ്രദമായ ധാർമ്മിക സാംസ്കാരിക രക്ഷാകവാടം (സേഫ്റ്റി വാൾവ്) എന്ന് അതിനെ വിശദീകരിക്കാം. അങ്ങനെയൊന്നിന്റെ അഭാവത്തിൽ ഏകപത്നിത്വം എന്ന കർക്കശ നിയമം നടപ്പിൽ വരുത്തിയ സമൂഹങ്ങൾ ലൈഗിക അരാജകത്വം, സ്വവർഗരതി, ലെസ്ബിയനിസം, മൃഗഭോഗം തുടങ്ങിയ പ്രവണതകളായി ഛിന്നഭിന്നമായി തീർന്നിട്ടുണ്ട്. അനിയന്ത്രിതമായ ലൈംഗിക ബന്ധങ്ങൾ അത്തരം സമൂഹങ്ങളിൽ സാധാരണമായിത്തീരുന്നു. അത് ഒരു തരത്തിലുള്ള ധാർമ്മിക വിമർശനത്തിന് പാത്രമാവുന്നില്ല.

ധാർമ്മിക രേഖ ഏക പത്നിത്വത്തിനും ബഹുഭാര്യത്വത്തിനുമിടയിലല്ല, മറിച്ച് നിയന്ത്രണങ്ങൾക്കും അനുവാദങ്ങൾക്കുമിടയിലാണ് വരക്കേണ്ടത്. ധാർമ്മിക സംയമനത്തിന്റെ അഭാവത്തിൽ, ഏകഭാര്യത്വവും ബഹുഭാര്യത്വവും ഒരു പോലെ ദുർവിനിയോഗിക്കപ്പെടാം. അവയുടെ സ്വഭാവമാണ് ബന്ധങ്ങളെ പുകഴ്ത്തുകയും ഇകഴ്ത്തുകയും ചെയ്യുന്നതും. മുൻപ് പരാമർശിച്ചതുപോലെ ഇസ്ലാമിൽ വിവാഹത്തിന്റെ ആത്യന്തിക ലക്ഷ്യം ദൈവപ്രീതി സമ്പാദിക്കലാണ്.

ശേഷം ഇസ്ലാം ഉചിതമായ ഉപയോഗ നിയന്ത്രണങ്ങളിലൂടെ കഴിവുകളുടെയും ഗുണങ്ങളുടെയും പ്രയോജനപ്രദമായ വികാസം അനുശാസിക്കുന്നു. അവയെ അടിച്ചമർത്തുന്നതും മുരടിപ്പിക്കുന്നതും വിരോധിക്കുകയും വെറുക്കുകയും ചെയ്യുന്നു.

ഇസ്ലാമിന്റെ ആദ്യ ദശയിൽ, ദൈവികവിളിക്ക് ഉത്തരം നല്കുക, പ്രത്യേകിച്ചും പുരുഷന്മാരുടെ കാര്യത്തിൽ, ജീവഹാനി വിളിച്ച് വരുത്തിയിരുന്നു. പലരും മക്കയിൽ തങ്ങളുടെ ജീവൻ കൈവെടിയുകയും അതിലും അധികം പേർക്ക് മദീനയിലും മറ്റു സ്ഥലങ്ങ

ളിലെ യുദ്ധങ്ങളിലും പ്രാണൻ ബലിയർപ്പിക്കേണ്ടതായും വന്നു. സ്ത്രീകൾ പൂർണമായും ഒഴിച്ചുനിർത്തപ്പെട്ടിട്ടില്ലെങ്കിലും ചിലരെങ്കിലും ഈ പരമോന്നത ത്യാഗത്തിനായി വിളിക്കപ്പെട്ടു. തത്ഫലമായി, മുസ്‌ലിംകളുടെ ഇടയിൽ സ്ത്രീകളുടെ സംഖ്യ പുരുഷന്മാരെക്കാൾ ഗണ്യമായി വർദ്ധിച്ചു. വിധവകളെയും ആണും പെണ്ണും അടങ്ങുന്ന അനാഥരെയും പരിപാലിക്കേണ്ടതായിവന്നു. അത്തരം സന്ദർഭങ്ങളിൽ ധാർമ്മികവും ആത്മീയവുമായ ഗുണങ്ങളുടെ സംരക്ഷണാർത്ഥം ബഹുഭാര്യത്വം ഒരു ധാർമ്മിക ബാധ്യതയും ത്യാഗവുമായി മാറി. തീർച്ചയായും അത് ദേഹേച്ഛപരമായിരുന്നില്ല.

വ്യക്തിഗതവും സാമൂഹികവും മതരാഷ്ട്രീയമാനവുമുള്ള പല കാരണങ്ങളും പരിഗണിക്കുമ്പോഴും ബഹുഭാര്യത്വം അനിവാര്യമായിത്തീരുന്നു. ആധുനിക കാലഘട്ടത്തിൽ സ്ഥിതിഗതികൾ മാറിയിരിക്കുകയാണ്. ഏകഭാര്യത്വം ആഫ്രിക്കയ്ക്ക് പുറത്ത് ഏതാണ്ട് നിയമമായിത്തീരുകയും ചെയ്തിരിക്കുകയാണ്. പക്ഷേ എല്ലായിടത്തും വ്യക്തിപരമായ സംഭവങ്ങളിൽ ധാർമ്മികത കണക്കിലെടുക്കുമ്പോൾ ഇപ്പോഴും ബഹുഭാര്യത്വം ആവശ്യമായി വരുന്നു. ഇസ്‌ലാം അത്തരം സന്ദർഭങ്ങൾക്ക് പരിഹാരം നല്കുകയാണ് ചെയ്യുന്നത്.

മുസ്‌ലിംകൾക്കിടയിൽ ബഹുഭാര്യത്വത്തിന് ഒരു ദുഷ്കീർത്തിയുമില്ല. ഏകപത്നിത്വം പോലെ തന്നെ ബഹുമാന്യമാണെന്നു മാത്രമല്ല, ഭാര്യാമക്കൾക്കിടയിൽ ഒരു വിധത്തിലുള്ള വിവേചനം ഉൾക്കൊള്ളുന്നുമില്ല.

## മാതാവ്

ഇസ്‌ലാം മാതാവിന് അതിമഹത്തായ സ്ഥാനം നല്കുന്നു. രക്ഷാകർത്താക്കളോട് പ്രത്യേകിച്ച് മാതാവിനോട് സ്നേഹവും കൂറും മൃദുലതയും കാണിക്കണമെന്ന് വിശുദ്ധ ഖുർആൻ ഒരുപാട് സ്ഥലങ്ങളിൽ ഊന്നിപ്പറഞ്ഞിരിക്കുന്നു.

> തന്റെ മാതാപിതാക്കൾക്ക് നൻമ ചെയ്യണമെന്ന് മനുഷ്യനോട് നാം അനുശാസിച്ചിരിക്കുന്നു. (29:9)
>
> പറയുക: 'വരുവിൻ! നിങ്ങളുടെ നാഥൻ നിങ്ങൾക്ക് നിഷിദ്ധമാക്കിയതിനെ നിങ്ങൾക്ക് ഞാൻ പറഞ്ഞുതരാം'. (അവൻ കൽപിക്കുന്നു) അവനോട് യാ

തൊന്നിനെയും നിങ്ങൾ പങ്കുചേർക്കരുത്, മാതാപിതാക്കളോട് നൻമ പ്രവർത്തിക്കുക. (6:152)

നിങ്ങൾ അല്ലാഹുവിനെ ആരാധിക്കുക; മറ്റൊന്നിനെയും അവന്റെ കൂടെ പങ്കുചേർക്കരുത്. മാതാപിതാക്കൾക്ക് നിങ്ങൾ നൻമചെയ്യുക. (4:37)

തന്നെയല്ലാതെ മറ്റാരേയും നിങ്ങൾ ആരാധിക്കരുതെന്ന് നിന്റെ നാഥൻ ശക്തമായ ആജ്ഞ നല്കിയിരിക്കുന്നു. മാതാപിതാക്കളോട് നല്ലരീതിയിൽ പെരുമാറണമെന്നും. അവർ രണ്ടുപേരിൽ ഒരാളോ അല്ലെങ്കിൽ രണ്ടുപേരുമോ നിന്റെയടുക്കൽ (നിന്റെ ജീവിതകാലത്ത്) വാർധക്യം പ്രാപിക്കുകയാണെങ്കിൽ നീ അവരോട് 'ഛെ' എന്നു (പോലും) പറഞ്ഞുപോകരുത്. നീ അവർ രണ്ടുപേരോടും കയർത്തു സംസാരിക്കുകയും അരുത്. അവർ രണ്ടുപേരോടും മാന്യമായ വാക്ക് പറയുക. കാരുണാർദ്രനായി നീ അവർക്ക് വിനയത്തിന്റെ ചിറക് താഴ്ത്തിക്കൊടുക്കുക. 'എന്റെ നാഥാ! അവർ രണ്ടു പേരും എന്നെ ചെറുപ്രായത്തിൽ പോറ്റി വളർത്തിയതുപോലെ നീയും അവർക്ക് കരുണ ചെയ്യേണമേ'. എന്ന് പ്രാർഥിക്കുകയും ചെയ്യുക. (17:24 - 25)

മനുഷ്യനെ തന്റെ മാതാപിതാക്കളുടെ കാര്യത്തിൽ നാം അനുശാസിച്ചിരിക്കുന്നു. അവന്റെ മാതാവ് മേൽക്കുമേൽ ക്ഷീണം സഹിച്ചുകൊണ്ടാണ് അവനെ ഗർഭം ധരിച്ചത്. അവന്റെ മുലകുടി നിറുത്തൽ രണ്ടുവയസ്സിലാണ്. എന്നോടും നിന്റെ മാതാപിതാക്കളോടും നീ നന്ദി കാണിക്കുക. എന്റെയടുക്കലേക്ക് തന്നെയാണ് (നിന്റെ) മടക്കം. (31:15)

തന്റെ മാതാപിതാക്കൾക്ക് നന്മ ചെയ്യണമെന്ന് നാം മനുഷ്യനു താക്കീത് നല്കിയിരിക്കുന്നു. അവന്റെ മാതാവ് അവനെ പ്രയാസപ്പെട്ട് ഗർഭം ചുമന്നു. പ്രയാസപ്പെട്ടുകൊണ്ട് അവനെ പ്രസവിക്കുകയും ചെയ്തു. അവനെ ഗർഭം ധരിക്കുന്നതിനും അവന്റെ മുലകുടി നിറുത്തുന്നതിനും (ചുരുങ്ങിയത്) മുപ്പതു മാസക്കാലമെടുക്കുന്നു. അങ്ങനെ അവൻ തന്റെ പക്വപ്രായം പ്രാപിക്കുകയും നാല്പത് വയസ്സ് പ്രായമെത്തുകയും ചെയ്താൽ അവൻ പറയുന്നു, " എന്റെ നാഥാ, നീ എനിക്കും എന്റെ മാതാപിതാക്കൾക്കും ചെയ്തിരിക്കുന്ന അനുഗ്രഹങ്ങൾക്ക് നന്ദി കാണിക്കുവാനും നീ തൃപ്തിപ്പെടുന്ന സൽക്കർമങ്ങൾ ചെയ്യുവാനും നീ എനിക്ക് കഴിവും പ്രേരണയും എന്റെ സന്തതികളിൽ നീ നൻമയുമുണ്ടാക്കേണമേ. ഞാൻ നിന്നിലേക്ക് തീർച്ചയായും മടങ്ങുന്നു. ഞാൻ, (നിന്നെ) പരിപൂർണമായി അനുസരിക്കുന്നവരിൽപ്പെട്ടവനാണ്. (46:16)

തിരുനബി (സ) ഉദ്ബോധിപ്പിക്കുന്നു.

*'നിങ്ങളിൽ ഏറ്റവും ഉത്തമൻ തന്റെ കുടുംബത്തോട് ഉത്തമമായി*

*പെരുമാറുന്നവനാണ്.'*

'*സ്വർഗ്ഗം മാതാവിന്റെ കാൽകീഴിൽ സ്ഥിതിചെയ്യുന്നു.'*

'*തന്റെ പെൺമക്കളെ നല്ല രീതിയിൽ പരിപാലിക്കുകയും അവർക്കും തങ്ങളുടെ ആൺമക്കൾക്കും ഇടയിൽ യാതൊരു വിവേചനവും കൽപ്പിക്കാത്തവൻ സ്വർഗ്ഗത്തിൽ എന്നോട് വളരെ അടുത്തായിരിക്കും.'*

## സ്ത്രീയും സാമ്പത്തിക സ്ഥിതിയും

ലോക മഹാമതങ്ങളുടെ കൂട്ടത്തിൽ ഇസ്‌ലാം സ്ത്രീക്ക് സാമ്പത്തിക സ്വാതന്ത്ര്യം നല്കുന്ന കാര്യത്തിൽ മുന്നിട്ട് നില്ക്കുന്നു. 1882ൽ ബ്രിട്ടണിൽ ഭാര്യമാരുടെ സ്വത്തവകാശ നിയമം പാർലമെന്റ് പാസാക്കുന്നത് വരെ അവിടുത്തെ വിവാഹിതകളായ വനിതകൾക്ക് ഭർത്താക്കന്മാരിൽ നിന്ന് സ്വതന്ത്രമായി സമ്പത്ത് കൈവശം വെക്കാനുള്ള സ്വാതന്ത്ര്യമുണ്ടായിരുന്നില്ലെന്നത് പൊതുവെ അറിയപ്പെടുന്ന വസ്തുതയാണ്. അതുവരെ അവിവാഹിതകളായ സ്ത്രീകളുടെ അവകാശത്തിലുള്ള വസ്തുവകകൾ വിവാഹം കഴിയുന്നതോടെ സ്വയമേവ ഭർത്താവിന്റെതായിത്തീരുന്നു. ഏതാണ്ടൊരു നൂറ്റാണ്ട് കഴിഞ്ഞിട്ടും വിവാഹിതയായ സ്ത്രീയുടെ ഭർത്താവിന്റെ ആശ്രിതത്തിലൊതുങ്ങിയുള്ള സ്ഥാനം ഉദാഹരിക്കുന്ന ചില അംശങ്ങൾ ഇന്നും ബ്രിട്ടീഷ് നിയമസംഹിതയിൽ നിലനില്ക്കുന്നു.

ഇസ്‌ലാമിന്റെ തുടക്കത്തിൽ തന്നെ സ്ത്രീയുടെ സ്വതന്ത്ര സാമ്പത്തിക സ്ഥാനം സ്ഥാപിക്കപ്പെട്ടു കഴിഞ്ഞിരുന്നു. വിവാഹവേളയിൽ പുരുഷൻ തന്റെ സാമ്പത്തികസ്ഥിതിക്കനുസൃതമായി ഭാര്യക്ക് നല്കേണ്ട വിവാഹമൂല്യത്തെ കുറിച്ച് മുമ്പേ സൂചിപ്പിച്ചുകഴിഞ്ഞു. ഇതിന് 'മഹർ' എന്ന് പറയുന്നു. ഒരാൾ തന്റെ ഭാര്യക്ക് മഹർ നല്കാത്ത രീതിയിൽ മരണപ്പെട്ടാൽ അതയാളുടെ സ്വത്തിൽ നിന്ന് ഏറ്റവും ആദ്യം വീട്ടപ്പെടേണ്ട കടമായിമാറുന്നു. ഇതു കൂടാതെ നിയമാനുസൃതമായി ഭർത്താവിന്റെ സ്വത്തിൽ നിന്നൊരു പങ്കിനും അയാളുടെ വിധവ അവകാശിയാണ്.

ഒരു സ്ത്രീ സ്വപ്രയത്നത്താൽ നേടുന്നതോ, പാരിതോഷികമായോ പാരമ്പര്യമായോ ലഭിക്കുന്നതായോ ഉള്ള സമ്പത്ത് അവളുടെ ഭർത്താവിൽ നിന്ന് സ്വതന്ത്രമായ നിലയിൽ അവൾക്ക് മാത്രം

അവകാശപ്പെടാം. അവൾക്ക് വേണമെങ്കിൽ സ്വത്തുക്കൾ കൈകാര്യം ചെയ്യാൻ ഭർത്താവിനോട് ആവശ്യപ്പെടാം. എന്നാൽ, അവളതു സ്വയം കൈകാര്യം ചെയ്യാൻ തീരുമാനിച്ചാൽ അയാൾക്ക് ഒരു വിധത്തിലും ഇടപെടാൻ കഴിയില്ല.

സ്വന്തം വരുമാനമുള്ള വിവാഹിതയായ സ്ത്രീക്ക് വേണമെങ്കിൽ അവളുടെ സ്വതന്ത്ര സ്വത്ത് മുഴുവനായോ അതിലൊരു ഭാഗമോ കുടുംബാവശ്യത്തിനായി ഉപയോഗപെടുത്താം. മിക്കവാറും സന്ദർഭങ്ങളിൽ അങ്ങനെ സംഭവിക്കാറുമുണ്ട്. എന്നാൽ, അവൾക്ക് ഇതിന് ഒരു ബാധ്യതയുമില്ല. ഭാര്യ ഭർത്താവിനെക്കാൾ സാമ്പത്തികമായി നല്ല നിലയിലാണെങ്കിൽ പോലും ഗൃഹപരിപാലനം ഭർത്താവിന്റെ മാത്രം ചുമതലയാണ്. ഇനിയുള്ള സംഭവം ഇത് കൂടുതൽ വ്യക്തമാക്കും. തിരുനബി (സ) ഒരിക്കൽ സ്ത്രീകളോട് സ്വന്തം വരുമാനത്തിൽ നിന്ന് ദാനം ചെയ്യാൻ ഉപദേശിക്കുകയുണ്ടായി. അതിനു ശേഷം രണ്ടു സ്ത്രീകൾ, രണ്ടു പേരുടെയും പേര് സൈനബ എന്നായിരുന്നു, (അതിലൊരാൾ സുപ്രസിദ്ധ സഹാബി അബ്ദുല്ലാഹ് ബിൻ മസൂദിന്റെ പത്നിയായിരുന്നു) നബിതിരുമേനിയുടെ സവിധത്തിലെത്തി തങ്ങളുടെ ഭർത്താക്കന്മാരുടെ സാമ്പത്തിക സ്ഥിതി മോശമാണെന്നും തങ്ങൾ താരതമ്യേന നല്ല സ്ഥിതിയിലാണെന്നും അറിയിക്കുകയും ഭർത്താക്കന്മാരെ സാമ്പത്തികമായി സഹായിക്കുന്നത് ആത്മീയമായ പുണ്യപ്രവൃത്തിയാകുമോ എന്ന് ആരായുകയും ചെയ്തു. അതിന് പ്രത്യുത്തരമായി പ്രവാചക തിരുമനസ്സ്(സ) അവർ ചിലവഴിക്കുന്നത് ദാനധർമ്മവും സ്വന്തക്കാരോടുള്ള ഔദാര്യവുമെന്ന നിലക്ക് ഇരട്ടി പ്രതിഫലം ഉളവാക്കുന്നതാണെന്ന് അവർക്ക് ഉറപ്പുനൽകി.

വിശുദ്ധ ഖുർആൻ ഉപദേശിക്കുന്നു.

> ഏതൊന്നുകൊണ്ട് അല്ലാഹു നിങ്ങളിൽ ചിലരെ മറ്റു ചിലരെക്കാൾ ശ്രേഷ്ഠരാക്കിയിരിക്കുന്നുവോ അത് നിങ്ങൾ കൊതിക്കരുത്. പുരുഷന്മാർ സമ്പാദിച്ചതിൽ നിന്ന് ഒരംശം അവർക്കുണ്ട്; സ്ത്രീകൾ സമ്പാദിച്ചതിൽ ഒരംശം അവർക്കുണ്ട്. നിങ്ങൾ അല്ലാഹുവിനോട് (തന്നെ) അവന്റെ അനുഗ്രഹത്തിൽ നിന്ന് ചോദിച്ചുവാങ്ങുക. തീർച്ചയായും അല്ലാഹു എല്ലാ കാര്യങ്ങളെ സംബന്ധിച്ചും നല്ലപോലെ അറിയുന്നവനാകുന്നു. (4:33)
>
> എല്ലാ ഓരോരുത്തർക്കും അവർ വിട്ടുപോകുന്ന ധനത്തിനു നാം അനന്തരാവകാശികളെ നിശ്ചയിച്ചിരിക്കുന്നു. മാതാപിതാക്കളും അടുത്ത ബന്ധു

ക്കളും നിങ്ങളുടെ ഉടമ്പടികൾ ബന്ധിച്ചിട്ടുള്ളവരുമാണവർ. അതിനാൽ അവർക്ക് നിങ്ങൾ അവരുടെ വിഹിതം നല്കുക. തീർച്ചയായും അല്ലാഹു എല്ലാ കാര്യങ്ങൾക്കും സാക്ഷിയാകുന്നു. (4:34)

4:12,13 ഉം 177 ലും നല്കപ്പെട്ട ഇസ്ലാമിക അനന്തരാവകാശ വ്യവസ്ഥിതി വിപുലമായ രീതിയിലുള്ള സാമ്പത്തിക വിതരണത്തെ ലക്ഷ്യം വെച്ചുള്ളതാണ്. മാതാപിതാക്കളോ ഭാര്യാഭർത്താക്കന്മാരോ മക്കളോ ജീവിച്ചിരിക്കെ ഒരു വ്യക്തി മരണപ്പെടുന്നതായാൽ അവർക്കോരോരുത്തർക്കും ആ വ്യക്തിയുടെ സ്വത്തിൽ അവകാശമുണ്ട്. പൊതുനിയമ പ്രകാരം സ്ത്രീകളെക്കാൾ ഇരട്ടി ഓഹരിക്ക് പുരുഷന് അവകാശമുണ്ട്. എന്നാൽ, ഇത് ഒരുതരത്തിലുള്ള വിവേചനവുമല്ല. പുരുഷന് കുടുംബച്ചെലവ് വഹിക്കാനുള്ള ബാധ്യത കണക്കിലെടുത്താണിത്. സ്ത്രീക്കാണെങ്കിൽ അങ്ങനെയൊരു കടമയില്ല താനും. ഈ നിയമം പ്രവൃത്തിപഥത്തിൽ കൊണ്ടുവരുമ്പോൾ സ്ത്രീകളായ അവകാശികൾക്കനുകൂലമായാണ് വരിക.

ഒരു മുസ്ലിമിന് തന്റെ സ്വത്തിന്റെ മൂന്നിൽ ഒരു ഭാഗത്തിൽ കൂടുതൽ വസിയത്ത് പ്രകാരം സ്വന്തം ഇഷ്ടത്തിന്, വകതിരിച്ച് വെക്കാൻ കഴിയില്ല. മരണാനന്തര സ്വത്ത് ദാനധർമ്മമായോ പിന്തുടർച്ചാവകാശമില്ലാത്തവർക്കനുകൂലമായോ ചെലവഴിക്കുന്ന മൊത്തം ആസ്തിയുടെ മൂന്നിലൊന്നിൽ കൂടുതലാക്കരുത്. വസിയ്യത്ത് മുഖേന ഒരു അവകാശിയുടെ ഓഹരി കൂട്ടുവാനോ കുറക്കുവാനോ പാടില്ല. അവകാശികൾക്കിടയിൽ പൂർവജന് മാത്രം സ്വത്ത് നല്കിക്കൊണ്ടോ സ്ത്രീകളെ പൂർണമായും ഒഴിവാക്കിക്കൊണ്ടോ ചെയ്യുന്ന ഒരു വിധത്തിലുള്ള വിവേചനത്തിനും ഇസ്ലാമിക പിൻതുടർച്ചയിൽ യാതൊരു സ്ഥാനവുമില്ല.

സാമൂഹിക വ്യവഹാരങ്ങൾക്കായി സമ്മതപത്രം എഴുതി സൂക്ഷിക്കുന്നതിനുവേണ്ടി രൂപപ്പെടുത്തിയ ഒരു നിർദേശം പലപ്പോഴും സ്ത്രീകൾക്കെതിരെയുള്ള വിവേചനത്തിന് തെളിവെന്നോണം തെറ്റായി വ്യാഖ്യാനിക്കാറുണ്ട്. ആ നിർദേശം ഇപ്രകാരമാണ്.

> നിങ്ങളുടെ പുരുഷൻമാരിൽ നിന്ന് രണ്ടുപേരെ (ഇതിനായി) നിങ്ങൾ സാക്ഷി നിറുത്തുകയും ചെയ്യുക. എന്നാൽ ആ രണ്ട് സാക്ഷികൾ പുരുഷന്മാരല്ലെങ്കിൽ സാക്ഷികളായി നിങ്ങൾ തൃപ്തിപ്പെടുന്നവരിൽ നിന്ന് ഒരു പുരുഷനും രണ്ടു സ്ത്രീകളും (ആവട്ടെ). അവർ രണ്ടുപേരിൽ ഒരാൾ പിഴച്ചുപോകുമ്പോൾ ഒരുത്തി മറ്റവളെ ഓർമിപ്പിക്കുവാനാണിത്. (2:283)

ഇവിടെ വിവേചനത്തിന്റെ ഒരു തരിമ്പുപോലും ഇല്ല. കോടതി നടപടികളിൽ സാക്ഷികളായി എത്തുന്ന ബുദ്ധിമുട്ടിൽ നിന്ന് സ്ത്രീകളെ പരിരക്ഷിക്കുക എന്നത് ഒരു സാധാരണ നിയമമാണ്. അതിനാൽ, സാധാരണഗതിയിൽ സമ്മതപത്രരേഖ സാക്ഷ്യപ്പെടുത്താൻ സ്ത്രീയെ വിളിച്ചുകൂടാത്തതാണ്. അത്യാവശ്യഘട്ടത്തിൽ ഈ ചട്ടത്തിൽ അയവു വരുത്താവുന്നതാണ്. അത്തരം സന്ദർഭങ്ങളിൽ മറ്റൊരു പ്രതിസന്ധി ഉയർന്നു വരും. പുരുഷന്മാരായ സാക്ഷികളുടെ കാര്യത്തിൽ അവർ സാമൂഹികമായി ഇടപെടുമ്പോഴോ വ്യവഹാരത്തെ സംബന്ധിച്ച് പരാമർശം ഉണ്ടാകുമ്പോഴോ ഇടപാടിനെ കുറിച്ച് ഓർക്കാൻ അവസരം ലഭിക്കുന്നുണ്ട്. ഒരു പുരുഷനും ഒരു സ്ത്രീയും സാക്ഷികളായുള്ള വ്യവഹാര രേഖകളുടെ കാര്യമെടുത്താൽ, ഇസ്‌ലാമിക സാമൂഹിക വ്യവസ്ഥിതിക്ക് കീഴിലുള്ള സ്ത്രീ സാക്ഷിക്ക് പൊതുവേ ഇടക്കിടെ പുരുഷനായ സാക്ഷിയുമായി കണ്ടുമുട്ടാനുള്ള അവസരം കുറവായിരിക്കും. ഇതുമുഖേന വ്യവഹാരത്തെ സംബന്ധിച്ച് ഓർമ്മ പുതുക്കാൻ സ്ത്രീകൾക്കുള്ള സാധ്യതയും ചുരുങ്ങുന്നു. ഓർമ്മ പുതുക്കാനുള്ള ഈ അവസരമില്ലായ്മയെ മറി കടക്കാൻ ഒരു പുരുഷ സാക്ഷി മാത്രം ലഭ്യമായ സാഹചര്യത്തിലാണ് രണ്ട് സ്ത്രീകളെ സാക്ഷികളായി വിളിക്കാമെന്ന് നിർദ്ദേശം വന്നത്. ആയത്തിലെ തന്നെ വാക്കുകൾ ഉദ്ധരിച്ചാൽ, ഒരാൾക്ക് മറ്റൊരാളുടെ ഓർമ്മ പുതുക്കാൻ.

ഈ നടപടി തെളിവു സംരക്ഷണത്തിനു മാത്രമേ ബാധകമാകുന്നുള്ളൂ. സ്ത്രീയുടെയോ പുരുഷന്റെയോ സാക്ഷ്യത്തിന് നല്കുന്ന മൂല്യവുമായി അതിന് ബന്ധമില്ല. ഈ വിഷയത്തിലുണ്ടായേക്കാവുന്ന ഏതെങ്കിലും സംശയം ദൂരീകരിക്കാൻ സഹായകമാവുന്ന ഒരു ഉദാഹരണം പറയാം. ഒരു പുരുഷനും രണ്ട് സ്ത്രീകളും സാക്ഷികളായുള്ള വ്യവഹാര പ്രമാണവുമായി ബന്ധപ്പെട്ട ഒരു തർക്കം വിധിനിർണ്ണയത്തിനായി വന്നുവെന്ന് കരുതുക. സ്ത്രീ സാക്ഷികളിൽ ഒരാൾ ആ കാലയളവിനിടയിൽ മരണപ്പെട്ടുവെന്ന് പിന്നീടാണ് അറിയുന്നത്. പുരുഷ സാക്ഷിയും ജീവിച്ചിരിക്കുന്ന സ്ത്രീയായ സാക്ഷിയും കോടതിയിൽ ചോദ്യം ചെയ്യപ്പെട്ടപ്പോൾ വ്യവഹാരവ്യവസ്ഥകളെ സംബന്ധിച്ച് അവരിരുവരും നല്കിയ മൊഴികളിൽ അസ്വാരസ്യങ്ങൾ ഉണ്ടെന്ന് ജഡ്ജ് കണ്ടെത്തി. വസ്തുതകൾ പരിശോധനക്ക് വിധേയമാക്കിയപ്പോൾ സ്ത്രീയായ സാ

ക്ഷിയുടെ മൊഴി പുരുഷനായ സാക്ഷിയുടെ മൊഴിയേക്കാൾ വിശ്വാസയോഗ്യമാണെന്ന ശക്തമായ തോന്നൽ അദ്ദേഹത്തിന് ഉണ്ടാവുകയും ചെയ്തു. അങ്ങനെയൊരു സാഹചര്യത്തിൽ പുരുഷ സാക്ഷിയുടെ മൊഴിയെ അപേക്ഷിച്ച് സ്ത്രീയുടെ മൊഴിക്ക് മുൻഗണന നല്കുക എന്നത് അദ്ദേഹത്തിന്റെ വ്യക്തമായ ഉത്തരവാദിത്തമായി മാറും. ഇവിടെ സ്ത്രീക്ക് അനുകൂലമായോ പ്രതികൂലമായോ വിവേചനം കല്പിക്കുക എന്ന പ്രശ്നം തന്നെ ഉദിക്കുന്നില്ല.

## സ്ത്രീപുരുഷന്മാരുടെ സംരക്ഷണം

സ്ത്രീപുരുഷന്മാർ അന്യോന്യം ദൈവിക ഔദാര്യങ്ങളാണ്. അതുകൊണ്ട് തന്നെ അവർ സ്വതൃപ്തിയുടെയും ദൈവപ്രീതിയുടെയും പരസ്പര ഉപാധികളായി പരിലാളിക്കപ്പെടേണ്ടതാണ്. അവരിരുവരെയും സൃഷ്ടിച്ചവന് അവരുടെ ദൗർബല്യങ്ങളും ശക്തികളും വളരെ നന്നായി അറിയാം. അവൻ തന്റെ കൃപയാൽ ദൗർബല്യങ്ങളിൽ നിന്ന് രക്ഷ നേടാനും ശക്തികളെ പ്രബലപ്പെടുത്തുവാനും വേണ്ട മാർഗദർശനങ്ങൾ സജ്ജീകരിച്ചിരിക്കുന്നു. ഈ മാർഗനിർദേശങ്ങൾ അവഗണിക്കുന്നത് അനർഥവും സമൂലനാശവും വരുത്തിവയ്ക്കും. എന്നാൽ അവയെ കണിശമായും ശ്രദ്ധയോടെയും അനുഷ്ഠിച്ചാൽ അത് ജീവിതത്തെ പരിശുദ്ധവും ആനന്ദപ്രദവുമാക്കിത്തീർക്കുന്നു.

വിശുദ്ധ ഖുർആൻ ഉറപ്പിച്ചു പറയുന്നു.

> സത്യമായും നാം മനുഷ്യനെ സൃഷ്ടിച്ചിരിക്കുന്നു. അവന്റെ മനസ്സ് അവനോട് മന്ത്രിക്കുന്നതെന്തോ നാം അതറിയുന്നു. (50:17)
>
> സത്യമായും നാം മനുഷ്യനെ (പല ശക്തികളാൽ) മിശ്രിതമായ ഒരു രേതസ് കണത്തിൽ നിന്ന് സൃഷ്ടിച്ചിരിക്കുന്നു. നാം അവനെ പരീക്ഷണങ്ങൾക്ക് വിധേയമാക്കുന്നതിനുവേണ്ടി. അങ്ങനെ നാം അവനെ കേൾവിയും കാഴ്ചയുള്ളവനാക്കിത്തീർത്തു. നാം അവന് വഴി കാണിച്ചുകൊടുത്തു. (എന്നിട്ട്) അവൻ കൃതജ്ഞനോ കൃതഘ്നനോ ആയിത്തീർന്നു.(76:3 - 4)

മനുഷ്യ മനസ്സ് കേൾവിയിലൂടെയും കാഴ്ച്ചയിലൂടെയും മറ്റ് ഇന്ദ്രിയങ്ങളിലൂടെയും സ്വാധീനിക്കപ്പെടുകയും അവനെ നന്മയിലേക്കോ തിന്മയിലേക്കോ പ്രേരിപ്പിക്കുകയും ചെയ്യുന്നു. അതിനാൽ അവന് താക്കീത് നല്കപ്പെടുന്നു.

> നിനക്ക് അറിവില്ലാത്തതിനെ നീ പിൻതുടരരുത്. കാരണം കാത്, കണ്ണ്, ഹൃദയം ഇവ എല്ലാറ്റിനേയും സംബന്ധിച്ച് ചോദ്യം ചെയ്യപ്പെടുന്നതാണ്. (17:37)

അതായത് ഇന്ദ്രിയ നിയന്ത്രണവും അവയുടെ നിരന്തരനിരീക്ഷണവുമാണ് ധർമ്മാനുസരണത്തിന്റെ അന്ത:സത്ത.

പുണ്യപ്രവാചകൻ (സ) കൽപ്പിക്കപ്പെട്ടിരിക്കുന്നു.

സത്യവിശ്വാസികളായ പുരുഷൻമാരോട് പറയുക; അവർ തങ്ങളുടെ കണ്ണുകൾ താഴ്ത്തുകയും തങ്ങളുടെ ഗുഹ്യസ്ഥാനങ്ങൾ സൂക്ഷിക്കുകയും ചെയ്തുകൊള്ളട്ടെ. അത് അവർക്ക് ഏറ്റവും പരിശുദ്ധമായ മാർഗമാണ്. അല്ലാഹു അവർ പ്രവർത്തിക്കുന്നതിനെകുറിച്ച് സൂക്ഷ്മമായി അറിവുള്ളവനാകുന്നു. സത്യവിശ്വാസിനികളോട് പറയുക. അവർ തങ്ങളുടെ കണ്ണുകൾ താഴ്ത്തുകയും അവരുടെ ഗുഹ്യസ്ഥാനങ്ങൾ സൂക്ഷിക്കുകയും ചെയ്യ്തുകൊള്ളട്ടെ. അവരുടെ സൗന്ദര്യം അവർ വെളിപ്പെടുത്തരുത്; അതിൽനിന്ന് സ്വയം വെളിപ്പെട്ടുപോകുന്നതല്ലാതെ. അവർ തങ്ങളുടെ ശിരോവസ്ത്രം തങ്ങളുടെ മാറിടത്തിൻമേൽ താഴ്ത്തിയിട്ട് മാടിപ്പുതക്കേണ്ടതാണ്. അവർ തങ്ങളുടെ ഭർത്താക്കൻമാർ, പിതാക്കൾ, ഭർത്താക്കൻമാരുടെ പിതാക്കൾ, പുത്രൻമാർ, ഭർത്താക്കൻമാരുടെ പുത്രൻമാർ, സ്വസഹോദരൻമാർ, സഹോദരപുത്രൻമാർ, സഹോദരിപുത്രൻമാർ, അവരെപ്പോലെയുള്ള (മാന്യ) സ്ത്രീകൾ അവരുടെ ഉടമസ്ഥതയിലുള്ളവർ, പുരുഷൻമാരിൽ നിന്നുള്ള ലൈംഗിക വിചാരങ്ങളില്ലാത്ത പരിചാരകൻമാർ, സ്ത്രീകളുടെ ലൈംഗിക രഹസ്യങ്ങൾ അറിഞ്ഞിട്ടില്ലാത്ത ആൺകുട്ടികൾ എന്നിവർക്കല്ലാതെ തങ്ങളുടെ സൗന്ദര്യം വെളിപ്പെടുത്തരുത്. അവർ മറച്ചുവെക്കുന്ന സൗന്ദര്യം അറിയപ്പെടുവാൻ വേണ്ടി തങ്ങളുടെ കാലുകൾ കൊണ്ട് (നിലത്ത്) അടിക്കുകയുമരുത്. ഏ സത്യവിശ്വാസികളേ, നിങ്ങൾ ജയം പ്രാപിക്കുന്നതിനുവേണ്ടി എല്ലാവരും അല്ലാഹുവിലേക്ക് മടങ്ങുക. (24:31,32)

വിശ്വാസികളേ, നിങ്ങളുടെ ഉടമസ്ഥതയിലുള്ളവരും നിങ്ങളിൽ പ്രായപൂർത്തി എത്തിയിട്ടില്ലാത്ത കുട്ടികളും (നിങ്ങളുടെ ശയന മുറികളിൽ പ്രവേശിക്കുന്നതിന്) മൂന്നുസമയം സമ്മതം ചോദിക്കേണ്ടതാണ്. അതായത്, പ്രഭാത നമസ്ക്കാരത്തിനുമുമ്പ്, ഉച്ചസമയം നിങ്ങളുടെ വസ്ത്രം അഴിച്ചുവയ്ക്കുമ്പോൾ, 'ഇശാ' നമസ്ക്കാരത്തിനുശേഷം. ഇത് നിങ്ങളുടെ മൂന്ന് സ്വകാര്യസമയങ്ങളാണ്. ഇവയ്ക്ക് പുറമേയുള്ള സമയങ്ങളിൽ (പ്രവേശിക്കുന്നതിൽ) നിങ്ങൾക്കും അവർക്കും കുറ്റമില്ല. പരസ്പരം ഇടകലർന്ന് നിങ്ങളുടെ അടുത്ത് വിഹരിക്കുന്നവരാണവർ. ഇപ്രകാരം അല്ലാഹു (തന്റെ) വിധികൾ നിങ്ങൾക്ക് വിവരിച്ചുതരുന്നു. അല്ലാഹു സർവജ്ഞനും യുക്തിജ്ഞനുമാകുന്നു. (24:59)

നിങ്ങളുടെ കുട്ടികൾക്ക് പ്രായപൂർത്തി എത്തികഴിഞ്ഞാൽ അവർക്കു

മുമ്പുള്ളവർ (പ്രായപൂർത്തിയായവർ) സമ്മതം ചോദിച്ചതുപോലെ അവരും സമ്മതം ചോദിക്കേണ്ടതാണ്. ഇപ്രകാരം അല്ലാഹു (തന്റെ) വിധികൾ നിങ്ങൾക്ക് വിവരിച്ചുതരുന്നു. അല്ലാഹു സർവജ്ഞനും യുക്തിജ്ഞനുമാകുന്നു. (24:60)

വിവാഹം ആഗ്രഹിക്കാത്ത. വൃദ്ധകളായ സ്ത്രീകൾ സൗന്ദര്യപ്രകടനം നടത്തുന്നവരല്ലാത്ത നിലയിൽ തങ്ങളുടെ മേൽവസ്ത്രങ്ങൾ അഴിച്ചുവെക്കുന്നതിൽ അവർക്ക് കുറ്റമില്ല. പക്ഷേ, (മേൽവസ്ത്രം ധരിച്ച്) മാന്യതപാലിക്കുന്നത് അവർക്ക് കൂടുതൽ ഗുണകരമാണ്. അല്ലാഹു എല്ലാം കേൾക്കുന്നവനും സർവജ്ഞനുമാകുന്നു. (24:61)

**സൽസ്വഭാവത്തിന്റെ ആദർശങ്ങൾ സ്ഥാപിക്കുന്ന ചില പ്രത്യേക നിർദേശങ്ങൾ പ്രവാചക പത്നിമാർക്ക് നല്കപ്പെട്ടിരിക്കുന്നു. അവ എല്ലാ സത്യവിശ്വാസിനികളും സ്വജീവിതത്തിൽ അനുകരിക്കേണ്ടതാണ്.**

ഓ നബീ, നിന്റെ ഭാര്യമാരോട് പറയുക, നിങ്ങൾ ഐഹികജീവിതത്തേയും അതിന്റെ അലങ്കാരത്തേയുമാണ് ഉദ്ദേശിക്കുന്നതെങ്കിൽ വരൂ, ഞാൻ നിങ്ങൾക്ക് ജീവിതവിഭവങ്ങൾ നല്കുകയും, മാന്യമായ നിലയിൽ നിങ്ങളെ വിട്ടയക്കുകയും ചെയ്യാം. (നേരെ മറിച്ച്) അല്ലാഹുവിനേയും അവന്റെ ദൂതനേയും പരലോകത്തേയുമാണ് നിങ്ങളുദ്ദേശിക്കുന്നതെങ്കിൽ നിങ്ങളിൽ നിന്നുള്ള സൽക്കർമകാരികൾക്ക് അല്ലാഹു മഹത്തായ പ്രതിഫലമാണൊരുക്കിവച്ചിട്ടുള്ളത്. പ്രവാചകപത്നിമാരേ, നിങ്ങളിലാരെങ്കിലും പ്രത്യക്ഷമായ നീചകൃത്യം വല്ലതും പ്രവർത്തിക്കുന്നതായാൽ, അവൾക്ക് ശിക്ഷ ഇരട്ടിയായി വർധിപ്പിക്കുന്നതാണ്. അത് അല്ലാഹുവിന് എളുപ്പമുള്ളതത്രെ. (മറിച്ച്) നിങ്ങളിലാരെങ്കിലും അല്ലാഹുവിന്നും അവന്റെ ദൂതന്നും കീഴടങ്ങുകയും സൽകർമങ്ങളനുഷ്ഠിക്കുകയും ചെയ്യുന്നതായാൽ അവൾക്കുള്ള പ്രതിഫലം നാം ഇരട്ടിയായി നല്കുന്നതാണ്. അവൾക്ക് നാം മാന്യമായ ആഹാരമൊരുക്കി വച്ചിട്ടുണ്ട്. (33:29-32)

പ്രവാചകപത്നിമാരേ, നിങ്ങൾ സൂക്ഷ്മത കൈക്കൊള്ളുന്നതായാൽ നിങ്ങൾ അന്യസ്ത്രീകളിൽ ആരേയും പോലെയല്ല. അതിനാൽ, നിങ്ങൾ സംസാരത്തിൽ മസൃണമാകരുത്. (കൊഞ്ചികുഴഞ്ഞ് സംസാരിക്കരുത്) അങ്ങനെ സംസാരിക്കുന്നപക്ഷം ഹൃദയത്തിൽ രോഗമുള്ളവർ (നിങ്ങളെ) മോഹിച്ചേക്കാം. നിങ്ങൾ (എപ്പോഴും ജനങ്ങളോട്) മാന്യമായ വാക്ക് പറയുക. നിങ്ങൾ നിങ്ങളുടെ വീടുകളിൽ ഒരുങ്ങിയിരിക്കുക. പഴയ അജ്ഞാനകാലത്തെ സൗന്ദര്യപ്രകടനംപോലെ നിങ്ങൾ സൗന്ദര്യപ്രകടനം ചെയ്യരുത്. നിങ്ങൾ നമ

സ്കാരം നിലനിർത്തുകയും സക്കാത്ത് കൊടുക്കുകയും അല്ലാഹുവി നേയും അവന്റെ ദൂതനേയും അനുസരിക്കുകയും ചെയ്യുക. (നബിയുടെ) വീട്ടുകാരേ, നിങ്ങളിൽ നിന്ന് മാലിന്യം അകറ്റുകയും നിങ്ങളേ നല്ലവണ്ണം ശുദ്ധിയാക്കുകയും ചെയ്യണമെന്ന് മാത്രമാണ് അല്ലാഹു ഉദ്ദേശിക്കുന്നത്. നിങ്ങളുടെ വീടുകളിൽ വായിക്കപ്പെടുന്ന അല്ലാഹുവിന്റെ വചനങ്ങളേയും ജ്ഞാനത്തേയും നിങ്ങൾ സ്മരിക്കുക. അല്ലാഹു വളരെ കനിവുള്ളവനും സൂക്ഷ്മജ്ഞനുമത്രേ. (33: 33-35)

മുകളിൽ നല്കപ്പെട്ട നിർദേശങ്ങൾ സ്ത്രീ പുരുഷന്മാരുടെ ഉന്നതമായ സ്വഭാവസംസ്കരണത്തിനായി രൂപകൽപ്പന ചെയ്യപ്പെട്ടവയാണ്. എല്ലാ സാഹചര്യത്തിലും അവർ അന്തസ്സോടെയും ആത്മസംയമനത്തോടെയും പെരുമാറണമെന്ന് ഉദ്ദേശിച്ചുള്ളവയാണ്. സമചിത്തത, വിനയം, പരിശുദ്ധി എന്നിവയാണ് ഇസ്ലാമിക സമൂഹത്തിന്റെ മുഖമുദ്രകൾ. സ്ത്രീ പുരുഷന്മാരുടെ സ്വതന്ത്രവും അനിയന്ത്രിതവുമായ ഇടപഴകൽ വിരോധിക്കപ്പെട്ടിരിക്കുന്നു. സ്ത്രീ പുരുഷന്മാർ ഉന്നത നിലയിലുള്ള മാന്യത കൈകൊള്ളേണ്ടത് ആവശ്യമാണ്. ലോലാംഗനകളെ എല്ലാ വിധ അപകട സാധ്യതകളിൽ നിന്നും കാത്തു രക്ഷിക്കേണ്ടതുമാണ്. വിശുദ്ധഖുർആൻ നിഷ്കർഷിക്കുന്നു:

ഓ നബീ, നിന്റെ ഭാര്യമാരോടും പുത്രിമാരോടും സത്യവിശ്വാസികളുടെ സ്ത്രീകളോടും (അവർ പുറത്തിറങ്ങുമ്പോൾ) അവരുടെ മേൽവസ്ത്രങ്ങൾ തങ്ങളുടെ ശരീരങ്ങളിൻമേൽ മുടിപ്പുതക്കേണ്ടതാണെന്ന് പറയുക. അവരെ തിരിച്ചറിയുന്നതിനും അങ്ങനെ അവരെ (ആരും) ശല്യപ്പെടുത്താതിരിക്കുന്നതിനും ഏറ്റവും ഉപയുക്തമായ മാർഗമാണിത്. അല്ലാഹു സർവഥാ പൊറുക്കുന്നവനും കരുണാമയനുമാകുന്നു. (33:60)

സ്ത്രീപുരുഷന്മാർ തമ്മിലുള്ള അനിയന്ത്രിതവും അപരിമിതവുമായ കൂടിക്കലർച്ചകളും പുരുഷന്മാരെ ആകർഷിക്കാനായി സ്ത്രീകൾ അണിഞ്ഞൊരുങ്ങി നടക്കുന്നതും പാശ്ചാത്യ സമൂഹത്തിന്റെ ശാപമായി മാറിയിരിക്കുകയാണ്. അങ്ങനെ കുലീനതയുടെയും അന്തസ്സാർന്ന പെരുമാറ്റത്തിന്റെയും എല്ലാ പരിഗണനകളും വലിച്ചെറിയപ്പെടുകയും പഴയ ഉന്നത മൂല്യങ്ങൾ വെറുക്കപ്പെടുകയും പരിഹാസ പാത്രമാവുകയും ചെയ്തിരിക്കുന്നു. പാശ്ചാത്യാകർഷണം ബാധിച്ചിരിക്കുന്ന ഒരു സംഘം മുസ്ലിംകൾക്ക് പാശ്ചാത്യരുടെ ഈ ആത്മഹത്യപരമായ പ്രവണതയെ ചെറുത്തു നില്

ക്കാനാവുന്നില്ലെന്നത് ഗുരുതരമായ പ്രശ്നമാണ്. ഇത്തരം ചിന്താ ഗതികളിലും പെരുമാറ്റത്തിലും ഒഴിഞ്ഞു കിടക്കുന്ന അപകടങ്ങൾ പെട്ടെന്ന് തന്നെ തിരിച്ചറിയപ്പെടുകയും ഇസ്‌ലാമിക മൂല്യങ്ങളുടെ ഗുണങ്ങൾ പൂർണമായി കൈകൊള്ളപ്പെടുകയും ചെയ്യുമെന്ന് ഭക്തിപൂർവ്വം പ്രതീക്ഷിക്കാം.

# തിരുനബി(സ)യുടെ തിരുമൊഴികൾ

●മുആവിയ ഇബ്നു ഹാഉദാ നിവേദനം ചെയ്യുന്നു. ഞാൻ തിരു നബി(സ) യോട് ചോദിച്ചു; ഭർത്താവിൽ നിന്ന് ഭാര്യക്ക് എന്തൊക്കെ അവകാശങ്ങളാണുള്ളത്? അദ്ദേഹം അരുൾ ചെയ്തു നീ ഉണ്ണുമ്പോൾ അവളെയും ഊട്ടുക. നീ ഉടുക്കുമ്പോൾ അവളെയും ഉടുപ്പിക്കുക, അവളുടെ മുഖത്ത് അടിക്കാതിരിക്കുക. അധിക്ഷേപിക്കാതിരിക്കുക. വീടുനുള്ളിൽ വച്ചല്ലാതെ നീയുമായി വേർപിരിയാതിരിക്കുക. (അബൂദാവൂദ്)

●അബൂ ഹുറൈറ നബി (സ) പറഞ്ഞതായി നിവേദനം ചെയ്യുന്നു. വിശ്വാസകാര്യത്തിൽ നിങ്ങളിൽ ഉത്തമനായ സത്യവിശ്വാസി ഉത്തമമായ സ്വഭാവഗുണമുള്ളവനാണ്. അതിൽ നിങ്ങളിൽ ഏറ്റവും ഉത്തമൻ തങ്ങളുടെ ഭാര്യമാരോട് ഉത്തമമായി പെരുമാറുന്നവനാണ്. (തിർമിതി)

●നബി(സ) ഇപ്രകാരം മൊഴിഞ്ഞതായി അബ്ദുല്ലാഹിബ്നു അംറ് ഇബ്നു ആസ് നിവേദനം ചെയ്യുന്നു. ഈ ലോകം നിങ്ങൾക്കുള്ള ഉപജീവന സാമഗ്രിയാണ്, ഈ ലോകത്തിലെ ഏറ്റവും ഉത്തമമായ സംഭരണം ഉത്തമമായ സ്ത്രീയാണ് (മുസ്ലിം)

●ആയിശ(റ) നിവേദനം ചെയ്യുന്നു. ഒരു സ്ത്രീ തന്റെ രണ്ടു പെൺമക്കളുമായി എന്റെയടുക്കൽ യാചിച്ചുകൊണ്ടെത്തി. ഒരേ ഒരു കാരക്കയല്ലാതെ എനിക്കൊന്നും കണ്ടെത്താൻ കഴിഞ്ഞില്ല. ഞാനതവർക്കു നല്കി. അപ്പോൾ അവർ അത് തന്റെ രണ്ടു പെൺമക്കൾക്കും തുല്യമായി വീതിച്ചു നല്കി. സ്വയം ഒന്നും കഴിച്ചതുമില്ല. പിന്നെ അവർ എഴുന്നേറ്റ് പോയി. പ്രവാചകശ്രേഷ്ഠർ(സ) ആഗതരായപ്പോൾ ഞാൻ സംഭവം വിവരിച്ചു. അദ്ദേഹം അരുളി. ഒരാൾ പെൺമക്കളെ കൊണ്ട് പരീക്ഷിക്കപ്പെടുകയും അയാൾ തന്റെ പെൺമക്കളോട് നല്ല രീതിയിൽ വർത്തിക്കുകയും ചെയ്താൽ അവർ അയാൾക്ക് നരകാഗ്നിയിൽ നിന്നുള്ള സംരക്ഷിക്കുന്ന രക്ഷാകവചമായി മാറും (ബുഖാരി മുസ്ലിം)

●നബി(സ) തിരുമേനി ഇങ്ങനെ അരുൾ ചെയ്തതായി അബു ശുറയ്ഹ ഖുവൈലദ് ഇബ്നു അംറ് ഖുസാഇ നിവേദനം ചെയ്യുന്നു. "അല്ലാഹുവേ, രണ്ട് ദുർബല വിഭാഗങ്ങളുടെ സംരക്ഷണത്തിലു

ണ്ടാവുന്ന വീഴ്ച്ച പാപമായി ഞാൻ പ്രഖ്യാപിക്കുന്നു. അനാഥരുടെയും സ്ത്രീകളുടെയും (നിസാഉ)

●അബൂഹുറൈറ നബി(സ) മൊഴിഞ്ഞതായി നിവേദനം ചെയ്യുന്നു. സ്ത്രീകളോട് മൃദുലമായി വർത്തിക്കുക. സ്ത്രീ വളഞ്ഞ വാരിയെല്ലിൽ നിന്നും സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. അതിന്റെ ഏറ്റവും വളഞ്ഞ ഭാഗം ഏറ്റവും മുകളിലെത്തേതാണ്. നിങ്ങളതു നിവർത്താൻ ശ്രമിച്ചാൽ അതുപൊട്ടിപ്പോകും അതിനെ അങ്ങനെ തന്നെ വിട്ടാൽ അത് വളഞ്ഞ് തന്നെയിരിക്കും അതിനാൽ സ്ത്രീകളോട് മൃദുലമായി വർത്തിക്കുക (ബുഖാരി, മുസ്ലിം)

●അബൂ ഹുറൈറ നബി (സ) തിരുമേനി അരുളിയതായി അറിയിക്കുന്നു. ഒരു സത്യവിശ്വാസിയും  ഒരു സത്യവിശ്വാസിനിക്കെതിരിൽ വിദ്വേഷം വച്ച് പുലർത്താതിരിക്കട്ടെ. അവനിഷ്ടമല്ലാത്ത എന്തെങ്കിലും ഒന്ന് അവളിൽ ഉണ്ടെങ്കിൽ, അവന് ആനന്ദകരമായ മറ്റൊന്ന് അവളിൽ ഉണ്ടാകും.

●അബൂ ഹുറൈറ നബി (സ) തിരുമേനി അരുളിയതായി നിവേദനം ചെയ്യുന്നു. ഭർത്താവ് തന്റെ ഭാര്യയെ കിടപ്പറയിലേക്ക് ക്ഷണിക്കുകയും അവൾ വിസമ്മതിക്കുകയും അയാൾ രാത്രി മുഴുവൻ അവളാൽ വ്രണിതഹൃദയനായി കഴിച്ചുകൂട്ടുകയും ചെയ്താൽ ആ രാത്രി മുഴുവൻ മലക്കുകൾ അവളെ ശപിച്ചുകൊണ്ടിരിക്കും (ബുഖാരി)

●അബൂ ഹുറൈറ നബി (സ) തിരുമേനി അരുളിയതായി നിവേദനം ചെയ്യുന്നു. ഒരു വ്യക്തി മറ്റൊരാളെ പ്രണമിക്കണമെന്ന് നാം കൽപ്പിച്ചിരുന്നെങ്കിൽ അത് ഭാര്യയോട് ഭർത്താവിന്റെ മുമ്പിൽ വണങ്ങാനായിരുന്നേനെ. (തിർമിദി)

●തിരുനബി(സ) അരുൾ ചെയ്തതായി ഉമ്മു സൽമാ നിവേദനം ചെയ്യുന്നു. ഒരു സ്ത്രീ തന്റെ ഭർത്താവ് അവളിൽ തൃപ്തിപ്പെട്ട നിലയിൽ മരണമടയുന്നുവെങ്കിൽ അവൾ സ്വർഗത്തിൽ പ്രവേശിക്കപ്പെടും (തിർമിദി)

●നബി(സ) മൊഴിഞ്ഞതായി ഉസാമാഹ് ഇബ്നു സൈദ് നിവേദനം ചെയ്യുന്നു. സ്ത്രീകളെക്കാൾ കഠിനമായ ഒരു പരീക്ഷണവും ഞാൻ പുരുഷന്മാർക്ക് വിട്ട് പോകുന്നില്ല (ബുഖാരി, മുസ്ലിം)

●നബി(സ) അരുളിയതായി അബൂ ഹുറൈറയുടെ നിവേദനം. നിങ്ങൾ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ചിലവഴിച്ച ധനത്തിൽ

വെച്ച് അടിമയുടെ മോചനത്തിനായി ചിലവഴിക്കുന്നതിനെക്കാളും ദരിദ്രർക്ക് ധാനമായി നൽകുന്നതിനെക്കാളും ഉത്തമമായ പ്രതി ഫലമുളവാക്കുന്നത് നിങ്ങൾ നിങ്ങളുടെ ഭാര്യാമക്കൾക്കായി ചിലവഴിക്കുന്ന ധനമാണ്. (മുസ്ലിം)

●ഒരു വലിയ ഹദീസ് നിവേദനം ചെയ്യുന്ന കൂട്ടത്തിൽ നബി (സ) ഇപ്രകാരം അരുളിയതായി സഹദ് ഇബ്നു അറബി വഖാസ് അറിയിക്കുന്നു. നിങ്ങൾ അല്ലാഹുവിന്റെ മാർഗത്തിൽ അവന്റെ പ്രീതിക്കായി ചിലവഴിക്കുന്നതെന്തിനും അതിന്റെതായ പ്രതി ഫലം ഉണ്ട്. നിങ്ങൾ നിങ്ങളുടെ ഭാര്യയുടെ വായിൽ വച്ചുകൊടുക്കുന്നതിന് പോലും. (ബുഖാരി, മുസ്ലിം)

●ആയിശ (റ) നിവേദനം ചെയ്യുന്നു. ഞാനൊരിക്കലും കണ്ടിട്ടില്ലെങ്കിലും ഖദീജ(റ) നെ പോലെ മറ്റൊരു പ്രവാചകപത്നിയോടും എനിക്കസൂയ തോന്നിയിട്ടില്ല. നബി (സ) ഇടക്കിടെ അവരെ പരാമർശിക്കാറുണ്ടായിരുന്നു. ആടിനെ അറുത്താൽ അദ്ദേഹം അത് കഷ്ണങ്ങളാക്കി ഖദീജ(റ) യുടെ സുഹൃത്തുക്കൾക്ക് അയച്ചു കൊടുക്കുമായിരുന്നു. ചിലപ്പോഴൊക്കെ ഞാൻ അദ്ദേഹത്തോട് പറയും, അങ്ങ് അവരെ കുറിച്ച് പറയുന്നത് കേട്ടാൽ ഖദീജ (റ) യെ കൂടാതെ ലോകത്ത് മറ്റൊരു സ്ത്രീയും ഉണ്ടായിരുന്നില്ല എന്ന് തോന്നിപ്പോവും. അപ്പോൾ അദ്ദേഹം പറയും അവർ അത്രയ്ക്ക് മഹത്വമുള്ളവരായിരുന്നു, അവരിൽ എനിക്ക് മക്കളും ഉണ്ടായിട്ടുണ്ട്. (ബുഖാരി, മുസ്ലിം)